2014
ആഗസ്റ്റ്
Pages 08
Vol: 5
Issue No. 8

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016
ഒറ്റ പ്രതി: ₹10

## പ്രമേഹരോഗ ബോധവൽക്കരണ സെമിനാർ

**വടശ്ശേരിക്കര:** ആയിരം രോഗങ്ങളുടെ മാതാവായ പ്രമേഹരോഗം ഇന്ത്യയെ കീഴ്പ്പെടുത്തിയ നിലയിലാണ്. വേദനയില്ലാത്ത പ്രമേഹം തീരാവേദനകൾക്ക് വാതിൽ തുറന്നു കൊടുക്കുന്നു. അതീവ ശ്രദ്ധ കൊടുക്കുന്നില്ലെങ്കിൽ വലിയ ആരോഗ്യ പ്രശ്നങ്ങൾ നേരിടേണ്ടിവരുമെന്നതുകൊണ്ട് ക്രിസ്തീയ ദർശനം വാർത്താ പത്രികയും കൊല്ലം ഷാലോം പാലിയേറ്റീവ് കെയർ യൂണിറ്റും സംയുക്തമായി പ്രമേഹരോഗ ബോധവത്കരണ സെമിനാർ നടത്തുന്നു. റാന്നിയിലും പരിസരങ്ങളിലുമുള്ള ബ്രദറൺ വിശ്വാസികൾക്കായി ബ്രദറൺ ഓഡിറ്റോറിയത്തിൽ ആഗസ്റ്റ് 30 ശനിയാഴ്ചയാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. രാവിലെ 9.30-ന് ആരംഭിക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ ബ്രദർ വർഗ്ഗീസ് തോമസ് അദ്ധ്യക്ഷനായിരിക്കും. ബ്രദർ രാജു കെ. തോമസ് സെമിനാർ ഉദ്ഘാടനം ചെയ്യും. 1 ന് സമാപിക്കും. ഷാലോം ഡയറക്ടർ ഡോ. ജേക്കബ് ജോൺ സ് എം.ഡി. ക്ലാസുകൾ എടുക്കും. 100 പേർക്കു മാത്രമായിരിക്കും പ്രവേശനം. ആഗസ്റ്റ് 28നു മുമ്പ് രജിസ്റ്റർ ചെയ്യണം. സംശയ നിവാരണത്തിന് അവസരം ലഭിക്കും. ഭക്ഷണം ഒരുക്കും. രജിസ്ട്രേഷന് ബന്ധപ്പെടുക. **വർഗ്ഗീസ് തോമസ്: 9447368463**

# വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ്: ഒരുക്കങ്ങൾ പൂർത്തിയായി

• രണ്ട് വർഷത്തിലൊരിക്കൽ • ഉദ്ഘാടകൻ: ജോർജ്ജ് പീറ്റർ • മുഖ്യപ്രഭാഷകർ: സാമുവേൽ ബി. തോമസ്, അജോയ് റ്റി. മാത്യു, പി.ജി. ജെയിംസ് • അറുനൂറോളം പേർ പങ്കെടുക്കും • സമാപനം: സെപ്റ്റം. 12ന്

**കൊട്ടാരക്കര:** ബ്രദറൺ സമൂഹത്തിന്റെ യുവജനവിഭാഗം രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന ബൈബിൾ ക്യാമ്പിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ജനറൽ സെക്രട്ടറി ജേക്കബ് പി. മാത്യു . കർത്താവിന്റെ പുനരാഗമനവും വിശ്വാസിയും എന്ന മുഖ്യ ചിന്താവിഷയത്തെ അധികരിച്ചുള്ള പഠനങ്ങളും സന്ദേശങ്ങളും ലഭിക്കും. കർതൃദാസന്മാരായ സാമുവേൽ ബി. തോമസ്, അജോയ് റ്റി. മാത്യു, പി.ജി. ജെയിംസ് എന്നീ യുവ പ്രഭാഷകരാണ് മുഖ്യസന്ദേശങ്ങൾ നൽകുന്നത്. സെപ്റ്റംബർ 8 തിങ്കൾ വൈകുന്നേരം 6ന് ബ്രദർ ജോർജ്ജ് പീറ്റർ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. വൈ.എം.ഇ.എഫ്. ജനറൽ വൈസ് പ്രസിഡന്റ് മോനച്ചൻ എബ്രഹാം അദ്ധ്യക്ഷനായിരിക്കും. സെപ്റ്റംബർ 12 വെള്ളി 12ന് നടക്കുന്ന സമാപന സമ്മേളനത്തിൽ പ്രസിഡന്റ് എം.കെ. ജോയൽ അദ്ധ്യക്ഷത വഹിക്കും. സാമുവേൽ ബി. തോമസ് സന്ദേശം നൽകും.

വൈ.എം.ഇ.എഫ്. മലബാർ ഡിവിഷന്റെ സഹകരണത്തിൽ പാലക്കാട് നെന്മാറ ബേത്‌ലഹേം റസിഡൻഷ്യൽ സ്കൂളിൽ വച്ചാണ് ജനറൽ ക്യാമ്പ്. പ്രകൃതിരമണീയമാണ് നെന്മാറ. തൃശൂർ പൂരത്തിന് സമാനമായ നെന്മാറ വേല എന്ന ആഘോഷത്തിന്റെ പേരിൽ ഏറെ പ്രസിദ്ധമാണ് ഈ സ്ഥലം.

മിഷനറി സമ്മേളനങ്ങളിൽ സി.ഒ. ഡേവിഡ് ത്രിപുര, സാംസൺ ഡിക്രൂസ് ബീഹാർ എന്നിവർ ആഹ്വാനം നൽകും.

ചോദ്യോത്തര വേള, ടാലന്റ് ടൈം തുടങ്ങിയ പരിപാടികളും പ്രഭാത ധ്യാനവും ക്രമീകരിച്ചിട്ടുണ്ട്. 9,10,11 തീയതികളിൽ ബൈബിൾ ക്വിസ് നടത്തും. വിജയികൾക്ക് സുവിശേഷധ്വനി ബൈബിൾ ക്വിസിൽ വിജയം നേടിയവർക്കൊപ്പം സമാപനസമ്മേളനത്തിൽ സമ്മാനങ്ങൾ വിതരണം നടക്കും.

ജി.എൽ.എസിന്റെ ബുക്ക് സ്റ്റാൾ ക്യാമ്പിൽ പ്രവർത്തിക്കും. ആത്മീയ ഗീതങ്ങൾ ഡിസ്കൗണ്ട് റേറ്റിൽ ലഭിക്കുന്നതാണ്. 600ഓളം യുവാക്കൾക്ക് താമസിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. 4 ലക്ഷം രൂപാ ചെലവ് വരുമെന്ന് സംഘാടകർ. ബ്രദർ സാമുവേൽ പി. എബ്രഹാം ക്യാമ്പ് കൺവീനറായി പ്രവർത്തിക്കുന്നു. പ്രാർത്ഥിക്കുക, പങ്കെടുക്കുക.

## ഫ്രീഡം മ്യൂസിക്ക് ഫെസ്റ്റിനു അനുഗ്രഹസമാപനം



**കോട്ടയം:** മാമ്മൻ മാപ്പിള ഹാളിൽ തിങ്ങിക്കൂടിയ ഗാനാസ്വാദകർക്ക്സുവിശേഷസന്ദേശം പകർന്നു നൽകി കോട്ടയം ഫ്രീഡം മ്യൂസിക്ക് ഫെസ്റ്റ് അനുഗ്രഹകരമായി സമാപിച്ചു. 2014 ഓഗസ്റ്റ് 15 വെള്ളി വൈകിട്ട് 4:30 മുതൽ 8 വരെനടന്ന സമ്മേളനം ജി. സ്പർജൻകുമാർ ഐപിഎസ് ഉദ്ഘാടനം ചെയ്തു. ബ്രദർ ജോൺ പി തോമസ് ലോകം അവസാന ദിവസത്തിലോ എന്ന വിഷയത്തിൽ സന്ദേശം നല്കി. കോട്ടയം സെന്റ് ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളജ് പ്രിൻസിപ്പൽ ഡോ എം സി ഫിലിപ്പോസ് ഫ്രീഡം ഗിഫ്റ്റ് പ്രകാശനം ചെയ്തു. സുവിശേഷ ഗായകരായ ഇമ്മാനുവൽ ഹെൻട്രി, മാത്യു ജോൺ, ജിജി സാം,

➡2 ...

## കെ.ഇ.എം. ഫണ്ട് മേഖലാസമ്മേളനം അനുഗ്രഹകരമായി സമാപിച്ചു.



പട്ടം സഭാഹാളിൽ കൂടിയ പ്രവർത്തകസംഗമത്തിൽ പങ്കെടുത്തവർ

**തിരുവനന്തപുരം:** കെ. ഇ. എം. ഫണ്ട് കന്യാകുമാരി, തിരുവനന്തപുരം ജില്ലയിലെ സുവിശേഷകന്മാർക്കായി നടത്തിയ മേഖലസമ്മേളനം അനുഗ്രഹകരമായി സമാപിച്ചു. 43 സുവിശേഷകന്മാർ കുടുംബമായി പങ്കെടുത്തു.

ആഗസ്റ്റ് 16 ശനി രാവിലെ 10 മുതൽ 4 വരെ നടന്ന യോഗത്തിൽ ബ്രദർ എ.ഒ. തോമസ് അദ്ധ്യക്ഷനായിരുന്നു. സഹോദരന്മാരായ റ്റി. പി. കനകരാജ്, ഷാർജ്ജയിൽനിന്നെത്തിയ ബി. റ്റി. ജോൺസൻ, സി. എം. ജേക്കബ് എന്നിവർ പ്രവർത്തകർക്ക് ആവേശം പകരുന്ന സന്ദേശങ്ങൾ പങ്കുവച്ചു. പങ്കെടുത്ത എല്ലാ സുവിശേഷകന്മാരും തങ്ങളുടെ വയൽ വിശേഷങ്ങൾ പങ്കുവച്ചു.

പട്ടം ബ്രദറൺ സഭാഹാളിൽ നടന്ന സമ്മേളനത്തിൽ സ്ഥലംസഭയുടെ പൂർണ്ണസഹകരണം ലഭിക്കുകയുണ്ടായി. മണ്ണന്തല, കുന്നുകുഴി, പേരൂർക്കട സഭകളിലെ മൂപ്പന്മാരും ചുമതലപ്പെട്ട സഹോദരന്മാരും പങ്കെടുത്തു.

ബ്രദർ ജയിംസ് ദാനിയേൽ, ഡോ. ജേക്കബ് ജോൺസ്, ഫണ്ട് ചുമതലക്കാരായ പി. ഇ. സാംകുട്ടി, കെ. എസ്. ജോൺ, മത്തായി വർഗീസ് എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. പ്രവർത്തകർക്ക് ആവേശവും ഉത്സാഹവും കൈമാറിയ സമ്മേളനമായിരുന്നു. സമാന സമ്മേളനങ്ങൾ തുടുർന്നും നടത്തുവാൻ ചുമതലപ്പെട്ടവർക്ക് താൽപര്യവും ജനിക്കുവാൻ ഇടയായി.

# മിനി യാത്രയായി. സങ്കടവഴിയിൽ സുമിത്തിനും ശ്വേതയ്ക്കും ഇനി ദൈവമക്കൾ

• പിതാവ് സുരേഷ് അമൃത ഹോസ്പിറ്റലിൽ തീവ്രപരിചരണവിഭാഗത്തിൽ



**ഇനി ദൈവമക്കൾ...** ഓമല്ലൂർ സഭാംഗങ്ങളായ എ.കെ. തോമസ്, ഭാര്യ, വി.എം ജോൺസൺ എന്നിവരോടൊപ്പം സുമിത്തും, ശ്വേതയും മിനിയുടെ മൃതശരീരത്തിന് സമീപം

**ഓമല്ലൂർ:** അമ്മയുടെ മൃതശരീരത്തിനു മുന്നിലിരുന്ന് സുമിത്തും ശ്വേതയും തേങ്ങി. അമ്മയെ യാത്രയയയ്ക്കുവാനോ ഒരു സ്നേഹമുത്തം ഒടുവിൽ നൽകുവാനോ തങ്ങളെ ചേർത്തു പിടിച്ച് ആശ്വസിപ്പിക്കുവാനോ പിതാവ് സുരേഷിന് കഴിഞ്ഞില്ല എന്ന സങ്കടവും ആ കുരുന്നുകളെ കരയിപ്പിച്ചു. സ്വകാര്യ ആശുപത്രിയിലെ വെന്റി

➡2 ...

### അടിയന്തര പ്രാർത്ഥനയ്ക്ക്

പരേതനായ കെ. ഇ. എംഫണ്ട് സെക്രട്ടറി കെ. പോൾ തോമസിന്റെ ഭാര്യ മേരിക്കുട്ടി പോൾ തിരുവന്തപുരം ആർ. സി. സി. ചികിത്സയിൽ.

## എഡിറ്റോറിയൽ

# സ്ത്രീകൾ മിണ്ടരുത്, സണ്ടേസ്കൂളിലും!

ഗൾഫിലും അമേരിക്കയിലുമെത്തുന്ന സന്ദർശക പ്രസംഗകരിൽ ചിലരെങ്കിലും ഏതെങ്കിലും ഒരു നവീന ആശയം പ്രചരിപ്പിക്കുവാൻ ആവുന്നത്ര പരിശ്രമിക്കുന്നതായി കേട്ടിട്ടുണ്ട്.

നാട്ടിൽ വേരുപിടിക്കാത്ത പലതും പുറത്ത് തഴച്ചുവളരുകയും ഫലം കായ്ക്കുകയും ചെയ്യുന്നു. അതിലൂടെ പുത്തൻ ആശയക്കാരുടെ പേരിൽ ചർച്ചയും വാഗ്വാദവും ഉടലെടുത്ത് സഭയുടെ സമാധാന അന്തരീക്ഷം നഷ്ടമാകുന്നു.

സ്ത്രീകളുടെ ശുശ്രൂഷ സംബന്ധിച്ചാണ് ഒടുവിലത്തെ അസ്വാരസ്യം. മഹോപദ്രവവും ആഭരണവും സംഘടനാ പ്രവർത്തനവും കേന്ദ്രഭരണവും സെന്ററും എല്ലാം ഒരു പരിധി വരെ കെട്ടടങ്ങി.

യോഗം കൂടുന്നതും അവരുടെയിടയിൽ സഹോദരിമാർ വചനം പങ്കുവയ്ക്കുന്നതും സൺഡേ സ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതും എല്ലാം വചനവിരുദ്ധമെന്ന് പുതിയ കണ്ടെത്തൽ. സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കണമെന്നും പുരുഷനെ ഉപദേശിപ്പാൻ ഞാൻ സ്ത്രീയെ അനുവദിക്കുന്നുമില്ല എന്നുള്ള പൗലോസ്യ പ്രബോധനത്തിന്റെ മറവിലാണ് ചിലർ രംഗത്തെത്തിയിട്ടുള്ളത്.

സഭയുടെ അച്ചടക്കം ലക്ഷ്യമിട്ട് സുഗമമായ നടത്തിപ്പിന് നൽകിയ പ്രബോധനമാണ് അത്. പുരുഷന്മാരുടെ സാന്നിദ്ധ്യത്തിൽ സഭയെ ഉപദേശിക്കുന്നതിൽ നിന്നാണ് സ്ത്രീകളെ വിലക്കിയത്. ഇന്നുള്ളതുപോലെ സോദരീസമാജം, സൺഡേ സ്കൂൾ എന്നീ ശുശ്രൂഷകൾ അന്ന് ഉണ്ടായിരുന്നില്ല. പൊതുസഭയുടെ കൂടിവരവുകൾ ആയിരുന്നു എല്ലാം.

സ്ത്രീ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശിയും വ്യത്യസ്തമായ കഴിവുകളാൽ സൃഷ്ടിക്കപ്പെട്ടവളുമാണ്. ദൈവനാമ മഹത്വത്തിനായി അനുവദിക്കപ്പെട്ട മേഖലകളിൽ അവർ ഉപയോഗപ്പെടേണ്ടതാണ്. യുവോദ്യയും സുന്തുകയും സുവിശേഷഘോഷണത്തിൽ പൗലോസിനോപ്പം പോരാടിയിരുന്നതായി ഫിലി 4:3 ൽ കാണുന്നു. പൗലോസിന് ഭക്ഷണം പാകം ചെയ്തും വസ്ത്രം കഴുകിയും പാർപ്പിടം ഒരുക്കിയും കഴിഞ്ഞു എന്നാണോ സുവിശേഷഘോഷണത്തിലെ പോരാട്ടം എന്ന പദം കൊണ്ടു അർത്ഥമാക്കുന്നത്?

യേശുവിന്റെ അമ്മ മറിയയുടെ വാക്കുകൾ, ശലോമോനോടുള്ള അമ്മയുടെ പ്രബോധനങ്ങൾ ശമുവേലിന്റെ അമ്മ ഹന്നയുടെ വചനങ്ങൾ എല്ലാം തിരുവെഴുത്തിൽ രേഖയായി ലഭിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നവയാണ് അവ.

മകൻ പുരുഷപ്രായത്തിലെത്തിയാൽ പിന്നെ അവനെ അമ്മയ്ക്കു ഉപദേശിപ്പാൻ അവകാശമില്ലപോലും. ഭർത്താവിനെ ഒരു കാരണവശാലും ഉപദേശിക്കരുത്. വചനവും പാടില്ല അല്ലാത്തതും പാടില്ല. നിനക്കു നന്മയുണ്ടാകുവാനും ദീർഘായുസ്സോടിരിപ്പാനും അമ്മയപ്പന്മാരെ അനുസരിക്കണം. അവരുടെ ഉപദേശങ്ങളെയല്ലെ അനുസരിക്കേണ്ടത്? ഒരു ഭാര്യ ഭർത്താവിന്റെ മേൽ കർതൃത്വം നടത്തുകയല്ല ചെയ്യേണ്ടത്. മറിച്ച് ഒരു രാജാവിന് മന്ത്രിയെന്നപോലെ വിവേകപൂർവ്വമുള്ള ആലോചനകൾ നൽകാം. പുതിയ ഉപദേശപ്രകാരം അതും അപകടം.

പല സഹോദരന്മാരേയുംകാൾ വചന നിശ്ചയമുള്ള സഹോദരിമാർ നമുക്ക് ഉണ്ട്. യാതൊരു വചനബോധവുമില്ലാത്ത ഒട്ടേറെ സഹോദരന്മാരും ഉണ്ട്. ബ്രദറൺ സമൂഹത്തിലെ സഹോദരിമാർ ഇതര വിഭാഗങ്ങളിലെ സഹോദരിമാരെപ്പോലെ അല്ല വർത്തിക്കുന്നത്. സഭയിലും ഭവനത്തിലും. അതിനു കാരണം വചനത്തിൽ നിന്നും ലഭിച്ച പ്രബോധനങ്ങളിലൂടെ പ്രാരംഭകാലം മുതൽ അച്ചടക്കമുള്ള പെരുമാറ്റ ചട്ടം അവൾക്കുള്ളതുകൊണ്ടാണ്. പിതാക്കന്മാർ അങ്ങനെ ഒരു അടിസ്ഥാനം ഇടുവാൻ ദൈവത്താൽ ഉപയോഗിക്കപ്പെട്ടു. അനുവദിക്കപ്പെട്ട മേഖലകളിൽ കടന്നാക്രമണം പാടില്ല.

സഹോദരിമാർ രചിച്ച ഗാനങ്ങൾ പാടരുത് എന്ന ഒരു ആശയവും പരന്നിട്ടുണ്ട്. ഫാനി ക്രോസ്ബി എന്ന അന്ധയായ സ്ത്രീ രചിച്ച രണ്ടായിരത്തിലധികം ഗാനങ്ങൾ ക്രൈസ്തവ ലോകം ആഘോഷമായി പാടി ആനന്ദിക്കുന്നു. അതിന്റെ പരിഭാഷയായി മലയാളത്തിൽ എത്രയോ ഗാനങ്ങൾ. ഫാനി ക്രോസ്ബി പുരുഷനാണെന്ന ചിന്തയിലായിരിക്കാം അത് പാടി സ്തോത്രം പറയുന്നത്.

ഭക്ഷണം പാകം ചെയ്യാനും വസ്ത്രം കഴുകാനും മക്കളെ ജനിപ്പിക്കാനും കുടുംബാംഗങ്ങളെ ശുശ്രൂഷിക്കാനും ജോലി ചെയ്ത് പണം സമ്പാദിക്കുവാനും വീടും പരിസരവും വൃത്തിയാക്കാനും മാത്രമല്ല സ്ത്രീ ജന്മം. രക്ഷകനെ അംഗീകരിക്കാനും ആ രക്ഷകനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാനും സഹോദരിമാർക്കും കുട്ടികൾക്കും ആത്മീക മാർഗ്ഗനിർദ്ദേശം നൽകുവാനും അവർക്ക് കഴിയണം. അതിനുള്ള ചുമതല അവർക്കുണ്ട്. സോദരീസമാജമോ സൺഡേസ്കൂളോ അവർക്കു നിഷിദ്ധമല്ല. പുത്തൻ ഉപദേശങ്ങളെല്ലാം സഭയുടെ സന്തോഷത്തെ നഷ്ടപ്പെടുത്തുകയേയുള്ളൂ.

*കത്ത്*

# മരണമണിക്കുമുണ്ട് രണ്ടുവശം

കുഞ്ഞുമോൻ തോട്ടപ്പള്ളി

> സന്തോഷത്തോടെ ഒരുക്കിയിട്ടുള്ളിടത്തു നിന്നും സന്തോഷത്തോടെ വാങ്ങണം. ഒന്നും തരാൻ നിവൃത്തി ഇല്ലാത്തവർക്കു സന്തോഷത്തോടെ നാം കൊടുക്കണം.

സെമിത്തേരിയിലെ മരണമണി ഒഴിവാക്കുക എന്ന ലേഖനം വായിച്ചു. തലക്കെട്ടിലെ പ്രഥമാക്ഷര പ്രാസവും ദ്വയാർത്ഥവും ഭംഗിയായിരിക്കുന്നു. ആശയത്തോടുള്ള പ്രതികരണം കുറിയ്ക്കുന്നു.

വേർപാടു വേദനാജനകമാണെങ്കിലും ശവസംസ്കാര ശുശ്രൂഷകൾ ഒരു സുവിശേഷ യോഗത്തേക്കാൾ പ്രയോജനപ്പെടണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്. ഭൂരിപക്ഷം വിശ്വാസികളും 'മരണം കൊണ്ടു കർത്താവിനെ മഹത്വപ്പെടുത്തുന്നത്' ശവസംസ്ക്കാരം കൊണ്ടും കൂടെയാണ്. ശിംശോൻ ജീവിച്ചിരുന്നതിനേക്കാൾ മരണ സമയത്ത് പ്രയോജനപ്പെട്ടതുപോലെ ചില വിശ്വാസികളുടെ ശവസംസ്കാര സമയത്ത് പലരും ആത്മീയ ജീവൻ പ്രാപിച്ചിട്ടുണ്ട്. ഗോതമ്പുമണി നിലത്തു വീണു ചാകുമ്പോൾ വളരെ വിളവുണ്ടാകും എന്നു യേശു പറഞ്ഞിട്ടുണ്ട്.

സംസ്കാര വേളകളിൽ അവിശ്വാസികൾ പങ്കെടുക്കുമല്ലോ. പലരുടെയും വാക്കുകളാൽ അവർക്കു പാപബോധമുണ്ടാകുകയും കർത്താവിനെ കൈക്കൊള്ളുകയും ചെയ്തെന്നു വരാം. വിശ്വാസികൾ പുതിയ തീരുമാനങ്ങൾ എടുക്കാനും ഇടയാകും.

യഹൂദന്മാരും മുസ്ലീങ്ങളും ചെയ്യുന്നതുപോലെ മരിക്കുന്ന അന്നുതന്നെ സംസ്ക്കരിക്കുന്ന രീതിയല്ല നമുക്കുള്ളത്. എല്ലാവർക്കും പങ്കെടുക്കത്തക്കവിധത്തിൽ മാദ്ധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകി ദിവസങ്ങളുടെ ഇടവേള കഴിഞ്ഞാണു സംസ്ക്കാരശുശ്രൂഷ. സമ്പന്നരാണെങ്കിൽ ധനശേഷി വിളിച്ചോതുംവിധം പത്രപരസ്യവും ചെയ്യാറുണ്ട്.

ശുശ്രൂഷകൾ ചെയ്യേണ്ടവരെ ക്ഷണിക്കാനും സംഗീതശുശ്രൂഷ, ഫോട്ടോ, വീഡിയോ, ഷോർട്ട് സർക്യൂട്ട്, ടി.വി., തത്സമയ സംപ്രേഷണം, പെട്ടി, മൊബൈൽ മോർച്ചറി, ആംബുലൻസ്, വാഹനങ്ങൾ, പന്തൽ, കസേര, മൈക്കുസെറ്റ്, ചായസൽക്കാരം തുടങ്ങിയവ ക്രമീകരിക്കാനും ചില ദിവസങ്ങളാവശ്യമാണ്. വിതരണം ചെയ്യുവാൻ ഒരു ലഘു ജീവചരിത്രക്കുറിപ്പും പ്രിന്റു ചെയ്യാറുണ്ട്.

തങ്ങളെ സ്നേഹിക്കുകയും കരുതുകയും ചെയ്തവരുടെ യാത്രയയപ്പ് ഭംഗിയാക്കുവാൻ എത്ര പണം മുടക്കാനും പ്രിയപ്പെട്ടവർക്കു മനസ്സാണ്. ആശുപത്രി കൗണ്ടറിൽ ദിനംതോറും ബില്ലടയ്ക്കുമ്പോൾ തോന്നാനിടയുള്ള ഒരു വല്ലായ്മ പെട്ടി മേടിക്കുന്നിടത്തോ പത്രമോഫീസിലോ മേൽപ്പറഞ്ഞ ഒരു കാര്യത്തിലോ ഉണ്ടാകുമെന്നു തോന്നുന്നില്ല. ഇനി അവർക്കുവേണ്ടി ഒന്നും ചെയ്യാൻ സാധിക്കയില്ലല്ലോ എന്ന ചിന്ത ഭരിക്കുമ്പോഴുണ്ടാകുന്ന ഒരു സന്തോഷം കൊണ്ടാണിതെല്ലാം ചെയ്യുന്നത്.

ഈ വക ചെലവുകളെല്ലാം സന്തോഷത്തോടെയാണു ചെയ്യുന്നതെങ്കിൽ ജീവനോടിരുന്നപ്പോൾ വീട്ടിലും ആശുപത്രിയിലും വന്നു കാണുകയും പാടുകയും പ്രാർത്ഥിക്കുകയും ഫോൺ ചെയ്യുകയും ചെയ്തുകൊണ്ടിരുന്ന ദൈവദാസന്മാർ യാത്രയയപ്പിന് വരുമ്പോൾ ഒരു കൂട്ടായ്മ കൊടുക്കുന്നതു ഞരങ്ങിക്കൊണ്ട് ആയിരിക്കുമോ? ഒരു ചായസൽക്കാരവുമുണ്ട്. അതും നിറഞ്ഞ സ്നേഹത്തിന്റെ പ്രതീകമാണ്.

മടങ്ങി വരുന്ന വഴി ഹോട്ടലിൽ നിന്നും ഭക്ഷണം കഴിക്കാൻ നിവൃത്തി ഇല്ലാഞ്ഞിട്ടല്ല ആ വഴിയോരത്ത് ആ ചായ കുടിക്കുന്നതും പൊതിവാങ്ങി ഭക്ഷിക്കുന്നതും, വീട്ടുകാരോടുള്ള സ്നേഹത്തിന്റെ അടയാളമാണത്. അതു കൊണ്ട് പങ്കെടുക്കുന്ന എല്ലാ ദൈവദാസന്മാരും സെമിത്തേരിയിലെ ശുശ്രൂഷയിലും പങ്കെടുത്ത് ചായസൽക്കാരത്തിലും കൂടണം. കൂട്ടായ്മ തരുന്നെങ്കിൽ സന്തോഷത്തോടെ സ്വീകരിക്കണം. കെട്ടിപ്പിടിച്ച് ഒരു ചുംബനവും കൊടുത്തിട്ടേ മടങ്ങാവൂ. ആ പണം ആവശ്യമില്ലാത്തവർ അവിടെ വന്ന ചില പാവങ്ങൾക്കു കൊടുത്തിട്ടു പോരുക. പുണ്യം കിട്ടും.

മേൽപ്പറഞ്ഞ മോടികളൊന്നുമില്ലാതെ ലോണെടുത്താണു ഈ കാര്യങ്ങളൊക്കെ നടത്തുന്നതെങ്കിൽ സെമിത്തേരിയിലും പോകണം. ചായസൽക്കാരത്തിലും പങ്കെടുക്കണം. തിരിച്ചു പോരുമ്പോൾ ഒരു കൂട്ടായ്മ കൊടുത്ത് കെട്ടിപ്പിടിച്ചു ചുംബിച്ചിട്ടു പോരുക. ആ സ്നേഹം അവർ മറക്കില്ല. രണ്ടും വേണം. സന്തോഷത്തോടെ ഒരുക്കിയിട്ടുള്ളിടത്തു നിന്നും സന്തോഷത്തോടെ വാങ്ങണം. ഒന്നും തരാൻ നിവൃത്തി ഇല്ലാത്തവർക്കു സന്തോഷത്തോടെ നാം കൊടുക്കണം.

ബെഥാന്യയിൽ ദുഃഖത്തിൽ പങ്കുചേരുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്ത യേശുവിന്റെ കാലിൽ 300 വെള്ളിക്കാശ് വിലയുള്ള തൈലം പൊട്ടിച്ചൊഴിച്ചതിനെ അവിടുന്നു നിരസിച്ചില്ലല്ലൊ?

## 1...

## ഫ്രീഡം മ്യൂസിക്ക്....

ബ്രൗൺ തോമസ്, ക്ലീറ്റസ് ചാണ്ടപിള്ള, ജയിംസ് ജോൺ, ശ്രുതി ആൻ ജോയ്, ബെൻസി ആൻ വർഗീസ് തുടങ്ങിയവർ ഗാനങ്ങളാലപിച്ചു.

സഹോ. പ്രമോദ് തോമസ് ഫ്രീഡം ഫെസ്റ്റിനു അവതാരകനായി. ജോയിന്റ് കൺവീനർ സഹോ എബി ടി ഐസക്ക് സ്വാഗതവും ജനറൽ കൺവീനർ ജേക്കബ് കെ മാത്യു കൃതജ്ഞതയും പ്രകാശിപ്പിച്ചു. തോമസ് ചാണ്ടി, മാത്യു ചെറിയാൻ, ജോസ് പി ജേക്കബ്, ഷാനി മാത്യു, ജോസഫ് പി ചാക്കോ, ജോർജ് വി മാത്യു തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. കോട്ടയം പ്രദേശത്തെ ബ്രദറൺ സഭകളിലെ യുവസഹോദരൻമാരുടെ സജീവ നേതൃത്വത്തിലാണ് ഫ്രീഡം മ്യൂസിക്ക് ഫെസ്റ്റ് നടന്നത്.

ജീവിതത്തിന്റെ നാനാമേഖലകളിൽ പെട്ട നൂറുകണക്കിനാളുകൾ യോഗത്തിൽ പങ്കെടുത്തു. നിരവധി യാളുകൾ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുവാൻ ഫ്രീഡം ഫെസ്റ്റ് മുഖാന്തരമായി. അനുധാവന സമ്മേളനങ്ങൾ ഫ്രീഡം ഫെസ്റ്റിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

### വൈ.എം.ഇ.എഫ് പ്രാർത്ഥനാ സമ്മേളനം

**ചേത്തയ്ക്കൽ:** റാന്നി സെന്റർ വൈ.എം.ഇ.എഫ്. പ്രതിമാസ പ്രാർത്ഥനാ സമ്മേളനം സെപ്റ്റംബർ 7 ഞായർ 4ന് കണ്ടൻപേരൂർ ശാലേം ബ്രദറൺ സഭാ ഹാളിൽ നടക്കും. ബ്രദർ ഫെബിൻ ജോൺസ് സന്ദേശം നൽകും.

**ബിജു വർഗീസ്**

### രചനകൾ ക്ഷണിക്കുന്നു.

ലേഖനങ്ങൾ, പഠനം, കവിത തുടങ്ങിയ രചനകൾ ക്ഷണിക്കുന്നു. എല്ലാ മാസവും 15-ാം തീയതിയ്ക്ക് മുമ്പായി സാഹിത്യസൃഷ്ടികൾ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയച്ചാലും.

പബ്ലിഷർ

### വിലാസം അറിയിക്കുക

സുഹൃത്തുക്കളുടെയോ സ്ഥലം സഭയിലെ കുടുംബങ്ങളുടെയോ വിലാസം പിൻകോഡുൾപ്പെടെ അയച്ചുതരിക. മുൻകൈ എടുക്കുന്ന വ്യക്തിക്ക് ഒരു വർഷത്തേക്ക് ക്രിസ്തീയദർശനം സൗജന്യമായി ലഭിക്കും. ഒന്നിലധികം കോപ്പി ലഭിക്കുന്നുവെങ്കിൽ ദയവായി അറിയിച്ചാലും.

### ഈ മാസത്തേക്ക്...

**അത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ദൈവം**
നീ വലിയവനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനുമല്ലോ;
നീ മാത്രം ദൈവമാകുന്നു.
**സങ്കീർത്തനം 86: 10**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
ചീഫ് എഡിറ്റർ **വർഗീസ് തോമസ്** | മാനേജിങ് എഡിറ്റർ **നിനോ കെ. തോമസ്**
എഡിറ്റോറിയൽ ബോർഡ് **ജേക്കബ് സാം, എം. കെ. തോമസ്**
**ലിജോ വർഗീസ് പാലമറ്റം, ജോസഫ് മാത്യു, ജോസഫ് പുന്നൂസ്**
പ്രസാധകൻ **രാജു കെ. തോമസ്** | അഡ്വൈസറി ബോർഡ് **ജോർജ്ജ് പീറ്റർ**
**പ്രൊഫ. മാത്യൂസ് ഏബ്രഹാം, സി. പി. അനിയൻ, ജോൺസൻ പി. സാം**



# പ്രലോഭനങ്ങളെ അതിജീവിക്കുക



സാബു നെല്ലിക്കാല

പ്രലോഭനങ്ങൾ മനുഷ്യസ്വഭാവത്തെ മാറ്റിമറിക്കുന്നു. അത് പരിവർത്തനത്തിന് വിധേയനാക്കുന്നു. പ്രലോഭനങ്ങളെ അടക്കി നിർത്തുക എന്നത് കടൽ തിരകളെ അടക്കിനിർത്തുന്നതുപോലെ ദുഷ്കരമാണ്. നമുക്ക് അതിനുള്ള കഴിവ് ലഭിക്കുന്നത് ദൈവീക ചിന്തകളിലൂടെ മാത്രമാണ്. ഭക്തരും അറിഞ്ഞോ അറിയാതെയോ പ്രലോഭനങ്ങളുടെ വഴിയിൽ പെടാറുണ്ട്. പൊതുവായ ഒരു ഏകീകരണമുണ്ടെങ്കിലും മനുഷ്യമനസ്സ് വ്യത്യസ്തമാണ്. കഠിനമായ ഏകാഗ്രതയും നിശ്ചയദാർഢ്യവും മാനസീക പരിശീലനവും ലഭിച്ച വ്യക്തിയ്ക്ക് പ്രലോഭനങ്ങളെ അതിജീവിക്കാൻ കഴിഞ്ഞെന്നു വരാം. എന്നാൽ സാധാരണക്കാരന് നിരന്തര പ്രലോഭനങ്ങളെ വേണ്ടവിധം പ്രതിരോധിക്കാൻ കഴിഞ്ഞെന്നു വരില്ല.

പ്രലോഭനങ്ങളുടെ വൈജാത്യങ്ങളെ ആത്മീയ ചിന്തകളിലൂടെ പ്രതിരോധിക്കാൻ കഴിയും. അത് എപ്പോഴും ഒരുപോലെ നിലനിൽക്കണമെന്നില്ല. ഒരു പരുന്ത് ആദ്യം ഉയർന്നും താണും പറക്കും. ഒരു പരിധി ഉയരത്തിൽ എത്തിയാൽ അത് ക്രമത്തിൽ വട്ടമിട്ട് പറക്കും. പിന്നീടാണ് പരുന്ത് താണ് പറന്ന് തന്റെ ഇരയെ ലക്ഷ്യമിടുന്നത്. നമ്മുടെ ആത്മീയ ജീവിതത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. ഇതിന്റെ പിന്നിൽ പലപ്പോഴും പ്രതിയായി വരുന്നത് പ്രലോഭനങ്ങൾ ആണെന്നുള്ള സത്യം നമ്മിലാരും ശ്രദ്ധിക്കാറില്ല. മനസ്സിന്റെ അടങ്ങാത്ത ആഗ്രഹമാണ് പ്രലോഭനങ്ങൾക്ക് വഴിമരുന്നിടുന്നത്.

ക്രിസ്തുവിലൂടെ പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള കഴിവ് നേടിയെടുക്കുക എന്നുള്ളതാണ് ഏറ്റവും അഭിലഷണീയം. യേശുക്രിസ്തു ഇഹലോക ജീവിതത്തിൽ പലവിധ പ്രലോഭനങ്ങൾക്ക് വിധേയനായി. ഉദാ: മത്തായി 4:8. അവിടുന്ന് ദൈവവചനമെന്ന ഇരുവായ്ത്തലവാൾ ഉപയോഗിച്ച് സാത്താനെ പൂർണ്ണമായി പരാജയപ്പെടുത്തി. നമുക്കും അനേകം സാത്താന്യ പ്രേരണകൾ ലോകത്തിൽ നേരിടേണ്ടതായി വരുന്നു. വചനം വേണ്ടവിധം ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നാൽ അവനെ പരാജയപ്പെടുത്താൻ നാം പ്രാപ്തരാകും. എന്നാൽ നമുക്ക് അതിനുള്ള കഴിവ് ക്രിസ്തുവിന്റെ ജീവിതവെളിച്ചത്തിലൂടെ ആർജ്ജിച്ചെടുക്കാൻ കഴിയണം. ഇതിനുള്ള എല്ലാ മാർഗ്ഗങ്ങളും തിരുവചനത്തിലൂടെയും ക്രിസ്തുവിന്റെ ജീവിതത്തിലൂടെയും നമ്മുടെ ചിന്തകളെ പൂർണ സമയവും നയിച്ചുകൊണ്ടിരിക്കണം. ബലഹീനമായ മനുഷ്യജീവിതത്തിൽ കുറവുകൾ ഉണ്ടായാൽ അത് തിരുത്തി നിരപ്പുപ്രാപിച്ച് കൂടുതൽ ശക്തമായ രീതിയിൽ വചനത്തെ മുറുകെ പിടിച്ച് ആത്മീയമായി മുന്നോട്ട് പോകാൻ നമ്മൾ തയ്യാറാകണം.

പ്രലോഭനം എന്ന വാക്കിന് വളരെ വിപുലമായ അർത്ഥം ഉണ്ട്.

**1. ആകർഷിക്കുന്ന വസ്തു** : ആഗ്രഹിക്കുന്ന കാര്യങ്ങൾ നേടിയെടുക്കാൻ മനുഷ്യൻ ഏതു മാർഗ്ഗവും സ്വീകരിക്കുന്നു. അത് പ്രലോഭനത്തിന്റെ പരിണിത ഫലമാണ്. നാശത്തിന് വഴിതെളിക്കാവുന്ന ആകർഷകമായ കാര്യങ്ങൾ ഏതുമാകട്ടെ അത് പ്രലോഭനത്തിന്റെ പരിണിതഫലമാണ്. അത് നമ്മുടെ ആത്മീയ ജീവിതത്തിന്റെ സുഗമമായ ഗമനത്തിന് തടയണ ഇടും. ദൈവം വിലക്കിയ വൃക്ഷഫലം ഹവ്വയെ ആകർഷിച്ചു. ഉല്പത്തി. 3:6. പ്രലോഭനം മൂലം അനുസരണക്കേടും മരണവും ഭൂമിയിൽ പ്രവേശിച്ചു.

**2. പ്രേരിപ്പിക്കൽ :** മറ്റുള്ളവരുടെ പ്രേരണയിൽ വശംവദരാകാതിരിക്കാൻ നമ്മൾ സദാ ജാഗരൂകരായിരിക്കണം. ദൈവകല്പന ലംഘിക്കാൻ സാത്താൻ പാമ്പിന്റെ രൂപത്തിൽ ഹവ്വയെ പ്രേരിപ്പിക്കുന്നു. ഉല്പത്തി 3:4.

**3. വശീകരിക്കൽ :** വശീകരണത്തിൽ വീണുപോകാതിരിക്കാൻ നമ്മൾ ജാഗരൂകരായിരിക്കണം. പരിശുദ്ധാത്മാവ് അതിന് നമ്മെ സഹായിക്കും. ഹിതമല്ലാത്തവ ജീവിതത്തിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. അങ്ങനെ പാപത്തെ നമ്മുടെ ജീവിതത്തിൽ നിന്ന് ദൂരെ മാറ്റി നിർത്താം. 2 പത്രോസ്. 2:18. അവർ ജഡമോഹത്താൽ വശീകരിക്കപ്പെടുന്നു. ഒരുത്തൻ എന്തിനോട് തോൽക്കുന്നുവോ അതിന് അടിമപ്പെട്ടിരിക്കുന്നു.

**4. അത്യാഗ്രഹം :** പ്രലോഭനത്തിന്റെ ഏറ്റവും അപകടകരമായ അവസ്ഥ. അത്യാഗ്രഹം മനുഷ്യനെ നാശത്തിലെത്തിക്കുന്നു. എഫെസ്യർ. 4:18. സകലവിധ അശുദ്ധിയിലും ജീവിച്ചിട്ടും സംതൃപ്തി കാണാതെ ഹൃദയ കാഠിന്യം നിമിത്തം മനസ് മരവിച്ചു ശരിയും തെറ്റും വേർതിരിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെട്ട് ജീവിക്കുകയാണ് അത്യാഗ്രഹികൾ.

പ്രലോഭനങ്ങളെ അതിജീവിക്കുക എന്ന ഏക ലക്ഷ്യത്തോടെ ആത്മീക ജീവിതം മുന്നോട്ട് പോകുമ്പോൾ ധാരാളം പ്രതിബന്ധങ്ങളും മോഹഭംഗങ്ങളും ഭൗതിക തലത്തിൽ ഉണ്ടാകാം. എന്നാൽ ഓരോ അതിജീവനത്തിലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിഞ്ഞ ആത്മസംതൃപ്തി നമുക്ക് അനുഭവിക്കാൻ കഴിയും. അതിലൂടെ സ്വർഗ്ഗം സന്തോഷിക്കുകയും ചെയ്യും. സാത്താന്റെ മേലുള്ള ഓരോ അതിജീവനവും നമ്മുടെ ക്രിസ്തീയ ജീവിതത്തെ ധന്യമാക്കും.

> അനേകം സാത്താന്യ പ്രേരണകൾ നാം നേരിടേണ്ടതായി വരുന്നു. വചനം വേണ്ടവിധം ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നാൽ അവനെ പരാജയപ്പെടുത്താൻ നാം പ്രാപ്തരാകും.

ധ്യാനം

# തക്കസമയത്ത് ഒരു നല്ല വാക്ക്...?

ജോൺ മാത്യു

> ഭാഷയെ അപവാദ പ്രചാരണങ്ങൾക്കു വേണ്ടി ഇന്ന് പലരും ഉപയോഗിക്കുന്നു. ഊമക്കത്തുകളിലൂടെയാണീ സുകുമാര കല വളർന്നു പന്തലിച്ചു കൊണ്ടിരിക്കുന്നത്. ദൈവത്തിനുവേണ്ടി പ്രയോജനപ്പെടുന്ന ഏതൊരുവനേയും ഒടുക്കുവാൻ സാത്താൻ ആവിഷ്ക്കരിച്ചിരിക്കുന്ന പുതിയ പ്രവർത്തന പദ്ധതിയാണ് ഊമക്കത്തു സാഹിത്യം.

മറ്റ് ജീവികളിൽ നിന്നു വ്യത്യസ്തമായി മനുഷ്യന് ദൈവം നൽകിയിരിക്കുന്ന വരമാണ് ഭാഷ. ആശയവിനിമയത്തിന് ഇതര ജീവികൾക്കും അവയുടെ ഭാഷയുണ്ട്. മനുഷ്യന് ഭാഷ അവന്റെ നിലനിൽപ്പിനുപരിയാണ്. ഭാഷ കൊണ്ട് സ്വർഗ്ഗം ചമയ്ക്കാനും നരകം സൃഷ്ടിയ്ക്കുവാനും മനുഷ്യന് സാധിക്കും. ഘടനാവാദം എന്ന ഒരു ദർശന ശാഖ തന്നെ ഭാഷാ ശാസ്ത്രത്തിലുണ്ട്. ഭാഷയെന്നു പറയുന്നത് വ്യക്തിപരമായ പ്രതിഭാസമല്ലെന്നും, സംഘടിതമായ ഒരു മനുഷ്യവർഗ്ഗത്തിന്റെ പരസ്പര ഘടനയുടെ പ്രതിഭാസമാണെന്നും ഡിസോസ്യൂർ എന്ന ചിന്തകൻ പറയുന്നു.

നാമും ഭാഷയുടെ ഉടമകളാണ്. ആവശ്യങ്ങൾക്കും ആശയവിനിമയത്തിനും നാം ഭാഷ ഉപയോഗിക്കുന്നു. ഭാഷ മറ്റുള്ളവരെ നശിപ്പിക്കുവാൻ ഉപയോഗിക്കുന്നവരുമുണ്ട് നമ്മുടെയിടയിൽ. എന്നാൽ നമ്മുടെ ഭാഷ, വാക്ക് ഇവ മറ്റൊരുവന് ആശ്വാസമേകുവാൻ ദൈവം ആഗ്രഹിക്കുന്നു.

ഭാഷയെ അപവാദ പ്രചാരണങ്ങൾക്കു വേണ്ടി ഇന്ന് പലരും ഉപയോഗിക്കുന്നു. ഊമക്കത്തുകളിലൂടെയാണീ സുകുമാര കല വളർന്നു പന്തലിച്ചു കൊണ്ടിരിക്കുന്നത്. ദൈവത്തിനുവേണ്ടി പ്രയോജനപ്പെടുന്ന ഏതൊരുവനേയും ഒടുക്കുവാൻ സാത്താൻ ആവിഷ്ക്കരിച്ചിരിക്കുന്ന പുതിയ പ്രവർത്തന പദ്ധതിയാണ് ഊമക്കത്തു സാഹിത്യം.

ഈസബേൽ എന്ന ദുഷ്ട കഥാപാത്രമുണ്ട് വേദപുസ്തകത്തിൽ. കാര്യ സാദ്ധ്യത്തിനു വേണ്ടി, ഏതുമ്ലേച്ഛതയും പ്രവർത്തിക്കുവാൻ മടിയില്ലാത്ത സ്ത്രീ. ഒരിക്കൽ നാബോത്തിന്റെ മുന്തിരിത്തോട്ടം സ്വന്തമാക്കുവാൻ അവൾ തന്റെ ഭർത്താവിനെ നിർബന്ധിച്ചു. ആഹാബിനു വേണ്ടിയിരുന്നു നാബോത്തിന്റെ പരമ്പരാഗതമായുണ്ടായിരുന്ന ഒരു മുന്തിരിത്തോട്ടം, അത് ചീരത്തോട്ടമാക്കണം. ഇന്ന് പലരേയും ശത്രു കൈയ്യിലെടുത്തിരിക്കുന്നത് ഈ ലക്ഷ്യത്തിലാണ്. മറ്റുള്ളവരുടെ അവകാശം കൈവശമാക്കണം. അത് സാധിക്കാത്തിടത്തോളം വ്യസനവും, കോപവും, നീരസവും പൂണ്ട് നടപ്പാണ്. മനസ്സ് ശരിയാകാത്തിടത്തോളം ഈ നീരസവും കോപവും മാറുവാൻ പോകുന്നില്ല. ഇതേ കോപവും, നീരസവും ഹാമാനിലും ദൃശ്യമാകുന്നു. മോർദ്ദേഖായി എന്ന ദൈവമനുഷ്യന് വേണ്ടുവോളം ഉപദ്രവം ചെയ്തനന്തരം അയാളുടെ വാക്കുകൾ ഇങ്ങനെയാണ്. ഇതൊക്കെയാണെങ്കിലും യഹൂദനായ മോർദ്ദേഖായി രാജാവിന്റെ വാതിൽപ്പടികളിൽ ഇരിക്കുന്നതു കാണുന്നിടത്തോളവും ഇതൊന്നും കൊണ്ടും എനിക്കൊരു തൃപ്തിയുമില്ല.

കയിന്റെ മുഖത്തും ഒരു പ്രസാദവുമുണ്ടായിരുന്നില്ല. എങ്ങനെ പ്രസാദമുണ്ടാകാൻ? സഹോദരനെ കശാപ്പു ചെയ്തിട്ടല്ലേ യാത്ര? ആധുനിക യുഗത്തിൽ കൊലയ്ക്ക് പല മാർഗ്ഗങ്ങളുണ്ടത്രെ. അമേരിക്കയിൽ വധശിക്ഷയ്ക്കു വിധിക്കുന്നവരെ ഒരു ഇരുമ്പു കസേരയിലിരുത്തി അതിലൂടെ വൈദ്യുതി ഗമനാഗമനം നടത്തിയാണ് കൊല സാധിക്കുന്നതെന്നു കേട്ടിട്ടുണ്ട്. വധശിക്ഷയിൽ ലളിതമായതിതാണത്രെ. ഇന്ന് കൊലപാതകത്തിന് (സ്വഭാവഹത്യ, അസത്യ പ്രചരണം) അനേക മാധ്യമങ്ങളുണ്ട്. അച്ചുകൂടങ്ങളും ആധുനിക യന്ത്ര സാമഗ്രികളും വേണ്ടുവോളം.

ഈസബേലിന്റെ ചരിത്രത്തിലേയ്ക്കു വരട്ടെ. മുന്തിരിത്തോട്ടം, സ്വന്തമാക്കുവാൻ തന്നെ അവൾ തീരുമാനിച്ചു. അതിനവൾ ഭർത്താവിന്റെ ലറ്റർ പാഡിൽ ഒന്ന് അപഹരിച്ചു. അതിൽ കത്തെഴുതി വസ്തു നിഷ്ഠമായിപ്പറഞ്ഞാൽ കള്ളക്കടത്ത്, വാടക ഗുണ്ടകളേയും, കള്ളസാക്ഷികളേയും തരപ്പെടുത്തി നാബോത്തിന്റെ കഥ കഴിച്ച് വിജയശ്രീലാളിതയായി എന്ന് വ്യക്തമായി നിരൂപിച്ചു. എന്നാൽ ഓർക്കുക അസത്യത്തിന്റെ വിജയം താൽക്കാലികമാണ്. ആത്യന്തിക വിജയം സത്യത്തിന്റേതാണ്. സത്യത്തിന്റേതു മാത്രം എന്നു ചരിത്രം പഠിപ്പിക്കുന്നു. എന്നാൽ ചരിത്രത്തെക്കുറിച്ചിങ്ങനെയൊരു നിർവ്വചനമുണ്ട്. "ചരിത്രത്തിൽ നിന്നു മനുഷ്യൻ പഠിക്കുന്ന ഏറ്റം വലിയ പാഠമിതാണ്; മനുഷ്യൻ ചരിത്രത്തിൽ നിന്നൊന്നും പഠിക്കുന്നില്ല എന്നതു തന്നെ".

കോഴിമുട്ട അടവയ്ക്കുമ്പോൾ 21 ദിവസമാണ് വിരിയാനെടുക്കുന്നത്. മുട്ടയിൽ നിന്നു വിരിഞ്ഞ ജീവനുള്ള കുഞ്ഞുങ്ങൾ തള്ളയുടെ രൂപ സാദൃശ്യത്തിൽ ഉന്മാദത്തോടെ പുറത്തുവരും. കൂട്ടത്തിലിരുന്ന കുറെ മുട്ടകളുണ്ട്. ചീമുട്ടകൾ, അകത്ത് ദുർഗന്ധം വമിക്കുന്ന മുട്ടകൾ, അസൂയയുടെ, പകയുടെ വിദ്വേഷത്തിന്റെ, കോപത്തിന്റെയും ക്രോധത്തിന്റെയും ദുർഗന്ധം വമിക്കുന്ന മുട്ടകൾ. മറ്റുള്ളവരുടെ ഉയർച്ചയിലും, വളർച്ചയിലും അസൂയ പൂണ്ട് വിഷം വമിക്കുന്ന ആഹാബുമാരും, ഈസബേൽമാരും, ഹാമാനും, കായീനും എല്ലാം ഇന്നും ആത്മീയ ഗോളത്തിൽ എണ്ണത്തിൽ പെരുകി വരികയാണ്. ചീമുട്ടകളായിപ്പരിണമിച്ചുകൊണ്ടിരിക്കുകയാണവർ. ഒരു നാൾ ഉടയവനവരെ പ്രയോജനരഹിതരായി, ദുഷ്ടദാസനെ എന്നാക്ഷേപിച്ച് ദൂരേയ്ക്കെറിയും. അന്നയോളം അവർ തിരിച്ചറിയാൻ കഴിയാത്തവരായി ആത്മീയ ഗോളത്തിൽ തുടരും.


നാം മറ്റുള്ളവരെ ആശ്വസിപ്പിക്കുന്നവരാകുവാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. സമാധാനവും, സ്വസ്ഥതയും നാം തമ്മിൽത്തന്നെ ആസ്വദിക്കുവാൻ അരുമനാഥൻ നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. പത്രോസ് അപ്പോസ്തോലൻ പറയുന്നു. "തീർച്ചെയ്ക്ക് എല്ലാവരും ഐകമത്യവും സഹതാപവും, സഹോദര പ്രീതിയും, മനസ്സലിവും, വിനയബുദ്ധിയുമുള്ളവരായിരിപ്പിൻ. ദോഷത്തിന് ദോഷവും, ശകാരത്തിന് ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന് വിളിക്കപ്പെട്ടതു കൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പീൻ". ശാലോമോനെ ഉദ്ധരിക്കട്ടെ. "മനോവ്യസനം ഹേതുവായി മനുഷ്യന്റെ മനസ്സിടിയുന്നു. ഒരു നല്ലവാക്കോ, അതിനെ സന്തോഷിപ്പിക്കുന്നു".

എരിതീയിൽ എണ്ണ ചാലിക്കുക ഇതല്ലേ ഇന്നു നമ്മിൽപലരുടെയും ഹോബി? ശാലോമോൻ വീണ്ടും നമ്മോടു പറയുന്നു. തക്കസമയത്തെ വാക്ക് അത് വെള്ളിത്താലത്തിൽ പൊൻനാരങ്ങാപോലെയാണ്. നമ്മുടെ വാക്കുകൾ മറ്റുള്ളവരെ വളർത്തുന്നതോ തളർത്തുന്നതോ? തക്കസമയത്ത് നമുക്കൊരു നല്ല വാക്കു പറയാം.





# ആത്മീയ മനുഷ്യൻ: ചില ലക്ഷണങ്ങൾ



എബ്രഹാം തോമസ്

മനുഷ്യന് ത്രീതലങ്ങൾ ഉണ്ടെന്ന് ബൈബിൾ വ്യക്തമാക്കുന്നു. അവ ആത്മാവും പ്രാണനുമടങ്ങിയ അദൃശ്യവും ശരീരമെന്ന ദൃശ്യഘടകവും(1തെസ്സ.5:23). മനുഷ്യനെ മുഴുവനും ശുദ്ധീകരിക്കുവാൻ അപ്പൊസ്തലൻ പ്രാർത്ഥിക്കുമ്പോൾ മനുഷ്യന്റെ ത്രിതലം വെളിപ്പെടുത്തുന്നു. മനുഷ്യാത്മാവും പ്രാണനും രണ്ടു വ്യത്യസ്ത ഘടകങ്ങളാണ്. പ്രാകൃത ജീവിതവും ആത്മീയ ജീവിതവും തമ്മിൽ വലിയ അന്തരമുണ്ട്. അറിവ് എത്ര നേടിയാലും ദൈവിക ജ്ഞാനം പ്രാപിക്കാതെ മനുഷ്യന്റെ ത്രിത്വത്തെക്കുറിച്ചുള്ള പഠനം പൂർണ്ണമാകുകയില്ല.

ദൈവം മനുഷ്യാത്മാവുമായി ബന്ധപ്പെടുന്നു. പുതുജീവൻ നൽകുന്നതും പ്രവർത്തിക്കുന്നതും ദൈവവുമായ കൂട്ടായ്മ ലഭിക്കുന്നതും ദൈവേഷ്ടം നിറവേറുന്നതും മനുഷ്യാത്മാവിൽ കൂടിയാണ്. താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ ഒരുക്കമുള്ള ദൈവം (യെശ. 57:15). യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെ മേലും ഇരിക്കുന്നു (സങ്കീ. 33:18). ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു (സങ്കീ. 34:18). മനുഷ്യാത്മാവിനു മനോവിഭ്രമം ഉണ്ടാകാം (യെശ. 29:24). ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയം ദൈവം നിരസിക്കയില്ല (സങ്കീ. 51:17). അരിഷ്ടനും മനസ്സു തകർന്നവനും ദൈവത്തിന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ദൈവം കടാക്ഷിക്കും (യെശ. 66:2). മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും; മനോവിനയമുള്ളവനോ മാനം പ്രാപിക്കും (സദൃ ശ. 29:23). ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത് (മത്താ. 5:3). ചുങ്കക്കാരൻ നീതീകരിക്കപ്പെടാൻ കാരണം താൻ ആത്മാവിൽ ദരിദ്രനാണെന്ന് ബോദ്ധ്യപ്പെട്ടതു മൂലമാണ്. തനിക്കുള്ളതിൽ സംതൃപ്തനാകാതെ ഇനിയും കൂടുതൽ വേണമെന്നു ആഗ്രഹിക്കുന്നവൻ ദരിദ്രനാണ്. ആത്മീകമായി തനിക്കുള്ളതിൽ തൃപ്തനാകാതെ ഇനിയും ആത്മീകമായി വളരണം എന്ന് ആഗ്രഹിക്കുന്നവനാണ് ആത്മാവിൽ ദരിദ്രൻ. സുവിശേഷകനായ ഫിലിപ്പോസ് ശമര്യയിൽ ഉണർവു യോഗങ്ങൾ നടത്തി വരുമ്പോൾ കർത്താവിന്റെ ദൂതൻ ഫിലിപ്പോസിനോടു: നീ എഴുന്നേറ്റു തെക്കോട്ടു ഗസ്സക്കുള്ള നിർജ്ജനമായ വഴിയിലേയ്ക്കു പോക. സൗമ്യതയുടെ ആത്മാവ് അവനെ നടത്തി. അങ്ങനെ ഷണ്ഡൻ ദൈവമകനായി. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിക്കണം. (റോമ. 12:11).

ശാന്തമാനസൻ ബുദ്ധിമാൻ (സദൃ ശ. 17:27). സമുദ്രത്തിന്റെ മുകൾഭാഗം എപ്പോഴും തിരമാലകളാൽ ഇളകിമറിയുമ്പോൾ അടിത്തട്ട് ശാന്തമാണ്. എതിർപ്പുകൾ വരുമ്പോൾ ക്രിസ്തുവിൽ വേരൂന്നിയും ആത്മിക വർദ്ധന പ്രാപിച്ചും വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിക്കുമ്പോൾ അവന്റെ കൂട്ടായ്മയിൽ നടക്കുവാൻ സാധിക്കും. അപ്പോൾ രക്ഷിതാവായ ആത്മാവ് ഉല്ലസിക്കുവാൻ കഴിയും. തകർന്നും നുറുങ്ങിയതുമായ ഹൃദയം നമുക്കുണ്ടാകുമ്പോൾ രക്ഷിതാവായ ദൈവത്തിൽ ആത്മാവ് ഉല്ലസിക്കും.

ദൈവം വിശ്വാസികൾക്കു നൽകിയത് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല; ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവാണ്. ശത്രുക്കളുടെ മുമ്പിൽ ശക്തിയുടെ ആത്മാവും മനുഷ്യരുടെ മുമ്പിൽ സ്നേഹത്തിന്റെ ആത്മാവും സ്വന്ത അനുഭവത്തിൽ സുബോധത്തിന്റെ ആത്മാവും നമുക്കു ഉണ്ടായിരിക്കണം (2 തിമൊ. 1:7). ദൈവസന്നിധിയിൽ വിലയേറിയത് സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യനാണ് (1 പത്രൊ. 3:4). നാവിനെ കടിഞ്ഞാണിട്ടു സൂക്ഷിക്കുന്നവൻ സൗമ്യതയും സാവധാനതയുമുള്ള മനസ്സ് ഉള്ളവനാണ്. ആത്മാവിന്റെ പുതുക്കത്തിൽ കർത്താവിനെ സേവിക്കണം (റോമ. 7:6). ശരീരത്തിലും ആത്മാവിലും വിശുദ്ധിയാകുമ്പോൾ കർത്താവിനുള്ളതു ചിന്തിക്കും (1 കൊരി. 7:34). ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊള്ളണം (2 കൊരി. 7:1). എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിക്കാൻ ഉത്സാഹിക്കണം. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല (എബ്രാ. 12:14). ആത്മാവിൽ ബലപ്പെടണം (ലൂക്കോ. 1:80). തകർന്ന മനസ്സ് സഹിക്കാവല്ലെ (സദൃശ. 18:14). സൗമ്യനായ മോശെയുടെ മനസ്സിനെ കോപിച്ചതുകൊണ്ട് അവൻ അധരങ്ങളാൽ അവിവേകം സംസാരിച്ചുപോയി (സങ്കീ. 106:33). ഏകാത്മാവിൽ നിലനിൽക്കണം. ഏക മനസ്സോടെ സുവിശേഷവേല ചെയ്യണം (ഫിലി. 1:27). കർത്താവായ യേശുക്രിസ്തുവിന്റെ കൃപ മനുഷ്യാത്മാവിനു വിലയേറിയതാണ് (ഗലാ. 6:18, ഫിലോമോൻ. 25).

ഉൽപ്രാപണത്തിന്റെ ആത്മാവ് വിശ്വാസിക്കു ഉണ്ടായിരിക്കണം. ഉൽപ്രാപണം ഒരു വിശ്വാസ പ്രമാണം മാത്രമല്ല; അത് ഒരു പരമാർത്ഥമാണ്. പരിശുദ്ധാത്മാവ് നിറഞ്ഞവനായിരുന്ന ശീമോൻ കർത്താവിന്റെ ക്രിസ്തുവിനെ കാണും മുമ്പേ മരണം കാൺകയില്ല എന്നു പരിശുദ്ധാത്മാവിനാൽ അവനു അരുളപ്പാട് ഉണ്ടായിരുന്നു. അവൻ ആത്മ നിയോഗത്താൽ യേശു എന്ന പൈതലിനെ കണ്ടു. പ്രവചനം നിവൃത്തിയായി (ലൂക്കോ. 2:26). ഹാനോക്കിനെപ്പോലുള്ള വിശ്വാസം (ഉല്പ. 5:21–24). വിശ്വാസിക്കു ക്രിസ്തുവിന്റെ രണ്ടാം വരവിനായി ഒരുങ്ങണം. ആമേൻ, കർത്താവായ യേശുവേ, വരണമേ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കാം (വെളി. 22:20).

ശാന്തമാനസൻ ബുദ്ധിമാൻ (സദൃശ. 17:27). സമുദ്രത്തിന്റെ മുകൾഭാഗം എപ്പോഴും തിരമാലകളാൽ ഇളകിമറിയുമ്പോൾ അടിത്തട്ട് ശാന്തമാണ്. എതിർപ്പുകൾ വരുമ്പോൾ ക്രിസ്തുവിൽ വേരൂന്നിയും ആത്മിക വർദ്ധന പ്രാപിച്ചും വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിക്കുമ്പോൾ അവന്റെ കൂട്ടായ്മയിൽ നടക്കുവാൻ സാധിക്കും. അപ്പോൾ രക്ഷിതാവായ ആത്മാവ് ഉല്ലസിക്കുവാൻ കഴിയും. തകർന്നും നുറുങ്ങിയതുമായ ഹൃദയം നമുക്കുണ്ടാകുമ്പോൾ രക്ഷിതാവായ ദൈവത്തിൽ ആത്മാവ് ഉല്ലസിക്കും.

അനുസ്മരണം



# സായാഹ്നത്തിൽ തെളിഞ്ഞ പ്രഭ... മങ്ങാതെ ഒടുവോളം....

സി.റ്റി. ജോണിക്കുട്ടി

വിശ്വാസ വീഥിയിൽ നടത്തിയവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുന്നുവെങ്കിൽ വി.റ്റി. തോമസ് എന്ന ഗ്ലാറിസാറിനെക്കൂടെ അറിയണം. ഭൗമീകായുസ്സിന്റെ മദ്ധ്യാഹ്നവും പിന്നിട്ട കാലത്താണ് പിതാവിന്റെ ഭവനത്തിലേക്ക് അദ്ദേഹം തിരിഞ്ഞ് നടന്നത്. അൻപതിന്റെ തുടക്കം മുതൽ എൺപത്തിയാറിൽ ഒടുവിലത്തെ ശ്വാസം പുറത്തേക്ക് തള്ളിവിടുംവരെ സ്വന്തം വീട്ടിൽ മടങ്ങിയെത്തിയ മുടിയൻ പുത്രന്റെ അനുസരണവും വിവേകവും ഓർമ്മകളും തന്റെ ഹൃദയത്തിൽ മങ്ങാതെ ഇടം പിടിച്ചിരുന്നു.

റാന്നി സീയോൻകുന്ന് സഭയുടെ തുടക്കത്തിലും വളർച്ചയിലും വലിയപറമ്പിൽ കുടുംബത്തിന്റെ സംഭാവനകൾ ചെറുതല്ല; വിസ്തരിക്കാനുമാവില്ല. ഭക്തയും ഔദാര്യമനസ്കയുമായ മാതാവിനെ, പ്രാർത്ഥനാജീവിതം വ്രതമായി കരുതിയ അമ്മയെയാണ് തോമസിന് തമ്പുരാൻ സമ്മാനിച്ചത്. പിതാവ് അദ്ധ്യാപകനായിരുന്നു എന്നിട്ടും വഴിതിരിഞ്ഞ് പോയ ഒരു ജീവിതം.

പാലാ ബാങ്കിൽ ഉദ്യോഗം ലഭിച്ച ഗ്ലാറിസാറിന് കായികരംഗത്തോട് വലിയ അഭിനിവേശം ആയിരുന്നു. മികച്ച വോളിബോൾ താരം, ബാഡ്മിന്റനും നന്നായി കളിക്കും. റാന്നിയിലെ സുഹൃദ് വേദികൾക്ക് തന്റെ സാന്നിദ്ധ്യവും എന്നും ഉറപ്പാക്കിയിരുന്നു.

ദൈവം ആഗ്രഹിച്ചതിന്റെ എതിർദിശയിലൂടെ ജീവിത യാത്ര തുടരുമ്പോഴും ഇരവിപേരൂർ ശങ്കരമംഗലം പാലമൂട്ടിൽ ഭവനത്തിൽ നിന്ന് വിശ്വാസിയായ ഏലിയാമ്മ എന്ന യുവതിയെ വിവാഹം കഴിക്കുവാൻ താത്പര്യപ്പെട്ടു. അദ്ധ്യാപികയായിരുന്നു. ഈ ദാമ്പത്ത്യത്തിൽ തമ്പുരാൻ നൽകിയ നാല് ആൺമക്കളെയും കഠിനമായ ശിക്ഷണത്തിലൂടെയാണ് പിതാവ് വളർത്തിയത്.

മക്കളെ കായികരംഗത്തും സംഗീതത്തിലും മികച്ചവരാക്കുവാൻ ആവുന്നതെല്ലാം ചെയ്തു. ഇളയമകൻ റക്സൻ മികച്ച സംഗീതജ്ഞൻ ആയത് ആ വഴിക്കാണ്. റെജി, സാം, റെനി എന്നിവരാണ് മറ്റുമക്കൾ. എല്ലാവരും കുടുംബസ്ഥർ. സൺഡേ സ്കൂളിലും ആരാധനാ, ഇതര കൂടിവരവുകളിലും മക്കളും ഭാര്യയും പങ്കെടുക്കണമെന്നുള്ളത് ഗ്ലാറിസാറിന്റെ കർക്കശ നിലപാട് ആയിരുന്നു. മക്കൾ നാലുപേരും വിശ്വാസസമൂഹത്തോട് ഏറെ പറ്റുമാനമുള്ളവരും സാക്ഷ്യമുള്ളവരുമായി ജീവിക്കുന്നതിന്റെ കാരണം മറ്റൊന്നുമല്ല. സ്റ്റേറ്റ് ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിൽ ജോലി ചെയ്ത താൻ എല്ലായിടത്തും വിശ്വസ്തതയും സത്യസന്ധതയും നിർവചനമായി വർത്തിച്ചു. മാനേജർ തസ്തികയിൽ പെൻഷൻ പറ്റി.

36 വർഷത്തെ വിശ്വാസ ജീവിതം ഏറെ ആദരണീയമായിരുന്നു. ലഭിച്ച ഭൗമീക നന്മകളെ എങ്ങനെ വിനിമയം ചെയ്യണെമെന്ന് അഭ്യസനം നേടിയ സാമ്പത്തിക വിദഗ്ധൻ ആയിരുന്നു അദ്ദേഹം. ദശാംശം കൊടുക്കുകയല്ല മറിച്ച് സുവിശേഷവേലയ്ക്കും പ്രവർത്തകർക്കും ആവശ്യങ്ങൾ അറിഞ്ഞ് വർത്തിക്കുകയായിരുന്നു സാർ. സഭായോഗങ്ങൾ മുടക്കിയിട്ടില്ല. പിന്നിട്ട സ്വന്തം ജീവിതത്തിന്റെ നേർചിത്രങ്ങളുമായി അദ്ദേഹം ധ്യാനചിന്തകൾക്കായി സഭാമദ്ധ്യേ എഴുന്നേറ്റിരുന്നു, കണ്ണും ഹൃദയും നിറഞ്ഞ്. ഏറ്റവും ഒടുവിലത്തെ കർത്തൃദിനത്തിലും ആരാധനായോഗത്തിൽ പങ്കെടുക്കുവാനുള്ള അവസരം ലഭിച്ചു. സത്യമെന്ന് ബോധ്യപ്പെട്ട കാര്യങ്ങൾക്ക് വേണ്ടി ധീരതയോടെ നിന്നു, എതിർപ്പുകൾ വകവയ്ക്കാതെ.

ജൂലൈ 25 ന് വെള്ളി വൈകിട്ട് 7.15 ന് തന്നെ ഏറെ സ്നേഹിച്ച കർത്താവിന്റെ അരികിലേക്ക് യാത്രയായി. 29 ചൊവ്വ രാവിലെ ബ്രദറൺ ഓഡിറ്റോറിയത്തിൽ നടന്ന സംസ്ക്കാര ശുശ്രൂഷയിൽ റാന്നി കണ്ട വലിയ ജനസമൂഹം പ്രിയ ഗ്ലാറിസാറിന് യാത്രാമൊഴി ചൊല്ലി. വ്യക്തിപരമായി ഗ്ലാറിസാറിന്റെ വിയോഗം വലിയ നഷ്ടബോധമാണ് ലേഖകനുണ്ടായത്.



# ക്രൈസ്തവർ കാലത്തിന്റെ വെല്ലുവിളികളെ നേരിടണം



കോശി പി. തോമസ്

പ്രശ്നങ്ങളിലൂടെ കടന്നുപോകാത്ത ആരും ഇല്ല. പ്രതിസന്ധികൾ പർവ്വതസമാനമായി മുമ്പിൽ നിൽക്കുമ്പോൾ നാം ഭയപ്പെട്ടുപോകും. എന്നാൽ പ്രശ്നങ്ങളെ പരിഹരിക്കുവാൻ കഴിയുന്ന ദൈവത്തിൽ നാം ആശ്രയിക്കുമ്പോൾ ഹൃദയത്തിൽ ആശ്വാസവും സമാധനവും ലഭിക്കുന്നു. കൈപ്പേറിയ ജീവിതയാതനകൾക്കും ദുരിതങ്ങൾക്കുംപകരം മാധുര്യം പകരുന്ന നിസ്തുല്യസ്നേഹമാണ് യേശുക്രിസ്തു നല്കുന്നത്.

അണുവായുധം കഴിഞ്ഞാൽ സമൂഹം നേരിടുന്ന ഏറ്റവും വലിയ ദുരന്തം മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവുമാണ്. ഇതിന്റെ പരിണിതഫലമാണ് സമൂഹത്തിൽ നടക്കുന്ന അക്രമങ്ങളും പീഡനങ്ങളുമെല്ലാം. അതിലൂടെ ലക്ഷക്കണക്കിന് കുടുംബങ്ങൾ ദുരന്തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. വ്യകതികളെയും കുടുംബങ്ങളെയും അതുവഴി സമൂഹത്തെയും ശക്തമായി ഇവ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

ഇതിന്റെ മദ്ധ്യേ കാലത്തിന്റെ വെല്ലുവിളികൾ ഉൾക്കൊണ്ട് വിശ്വാസത്തെയും ധാർമ്മീകമൂല്യങ്ങളെയും ഉയർത്തിപ്പിടിക്കാൻ ക്രൈസ്തവസമൂഹത്തിന് കഴിയണം. വർദ്ധിച്ചുവരുന്ന അഴിമതികളുടെയും അക്രമങ്ങളുടെയും ഈ കാലഘട്ടത്തിൽ നാം വിശുദ്ധജീവിതത്തിന് ശ്രമിക്കണം.

പ്രശ്നങ്ങളിലൂടെ കടന്നുപോകാത്ത ആരും ഇല്ല. പ്രതിസന്ധികൾ പർവ്വതസമാനമായി മുമ്പിൽ നിൽക്കുമ്പോൾ നാം ഭയപ്പെട്ടുപോകും. എന്നാൽ പ്രശ്നങ്ങളെ പരിഹരിക്കുവാൻ കഴിയുന്ന ദൈവത്തിൽ നാം ആശ്രയിക്കുമ്പോൾ ഹൃദയത്തിൽ ആശ്വാസവും സമാധനവും ലഭിക്കുന്നു. കൈപ്പേറിയ ജീവിതയാതനകൾക്കും ദുരിതങ്ങൾക്കുംപകരം മാധുര്യം പകരുന്ന നിസ്തുല്യസ്നേഹമാണ് യേശുക്രിസ്തു നല്കുന്നത്.

സംഘർഷഭരിതമാണ് മനുഷ്യജീവിതം. ദൈവവിശ്വാസത്തിലൂടെ മാത്രമേ ശാന്തിയും സമാധാനവും കൈവരിക്കാനാവു. അടിക്കടി ഉണ്ടാകുന്ന വിപത്തുകൾ, പ്രിയപ്പെട്ടവരുടെ ആകസ്മീക വിയോഗം, കടബാദ്ധ്യതകൾ, മറ്റുള്ളവരുടെ വിദ്വേഷം, മാറാരോഗങ്ങൾ തുടങ്ങി കൈപ്പേറിയ ജീവിതം നയിക്കുന്ന മനുഷ്യൻ ദിനംപ്രതി ഇതിനുള്ള പരിഹാരം തേടുകയാണ്. ഈ അമ്പരപ്പിൽ നെട്ടോട്ടം ഓടുന്ന മനുഷ്യന് ആശ്വാസം ലഭിക്കുന്നത് ദൈവത്തിൽനിന്നു മാത്രമാണ്. ദൈവവിശ്വാസത്തിൽനിന്നുള്ള വ്യതിചലനം ജീവിതപരാജയങ്ങൾക്ക് ഇടയാക്കുന്നു.

ലോകം മുഴുവൻ നേടുവാനും അനുഭവിക്കുവാനും പരക്കം പായുന്ന മനുഷ്യനു സ്വന്തം ജീവിതം രൂപപ്പെടുത്തിയെടുക്കാൻ കഴിയുന്നില്ല. ഓരോ മനുഷ്യനിലും ദൈവത്തിന്റെ ചൈതന്യം കുടികൊള്ളുന്നുണ്ട്. കാരണം ദൈവം സ്വന്തം രുപത്തിലും സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചത്. ഈ ദൈവീക ചൈതന്യം അനുഭവവേദ്യമാക്കാൻ ദൈവവുമായുള്ള ബന്ധം മെച്ചപ്പെടുത്തിയങ്കിലേ കഴിയൂ. സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുടെ നടുവിലും കാരുണ്യവാനായ ദൈവത്തിലുള്ള വിശ്വാസം നാം കാത്തുസൂക്ഷിക്കണം

ലോകത്തിൽ നിലനിൽക്കുന്ന രീതികളെ അനുകരിക്കുന്നവരല്ല ക്രൈസ്തവർ. ലോകത്തിനു മുമ്പേ നടന്നു സമൂഹത്തിന് വഴി കാണിക്കേണ്ടവരാണ്. സമൂഹത്തിന് യഥാർത്ഥ വെളിച്ചം പകർന്നുകൊടുക്കുവാൻ വിശ്വാസികൾക്ക് കഴിയണം. തിന്മയുടെ ഇരുണ്ട വീഥികളിൽ പ്രകാശം പരത്തുന്ന വിളക്കുകളായി നാം ശോഭിക്കണം. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന യേശുവിന്റെ സ്നേഹസന്ദേശം ജനങ്ങൾക്ക് പകർന്നുകൊടുക്കുന്നവരായിരിക്കണം അവന്റെ അനുഗാമികൾ. മോഹങ്ങളും പ്രലോഭനങ്ങളുമാകുന്ന അന്ധകാരത്തെ മനസ്സുകളിൽനിന്ന് ദൂരികരിക്കുമ്പോഴാണ് ക്രിസ്തുവാകുന്ന പ്രകാശം നമ്മുടെ ഉള്ളിലേക്ക് വരുന്നത്. ക്രിസ്തുവിനെ ജീവിതത്തിന്റെ കർത്താവായി കണ്ട് ജീവിതത്തിന്റെ നിയന്ത്രണം ക്രിസ്തുവിന് സമർപ്പിക്കുന്നതാണ് യഥാർത്ഥ ക്രൈസ്തവ ജീവിതം.

കടപ്പാടുകൾ മറക്കുന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ് കേരളത്തിൽ അങ്ങോളമിങ്ങോളുമുള്ള വൃദ്ധസദനങ്ങൾ. സ്നേ ഹവും കടപ്പാടും അന്യം നിന്ന വികാരങ്ങളായി മാറിയിരിക്കുന്നു. മതിലും വേലിയും കൊണ്ട് ഭൂമിയെ വേർതിരിച്ചതുപോലെ മനുഷ്യൻ സ്നേഹത്തെയും മതിൽകെട്ടി തടഞ്ഞിരിക്കുന്നു. മാതാപിതാക്കളെയും ഗുരുജനങ്ങളെയും ആദരിക്കുന്നതിലും കരുതുന്നതിലും ക്രൈസ്തവവിശ്വാസികൾ മാതൃകയാകണം.

മനുഷ്യന് തുറക്കപ്പെട്ട വാതിലാണ് ക്രിസ്തു. സമാധാനവും സൗഖ്യവും മനുഷ്യന്റെ ആവശ്യങ്ങളാണ്. ഇവ ഫലപ്രദമാകുന്നത് വിശ്വാസത്തിലൂടെ മാത്രമാണ്. മനുഷ്യർക്ക് വേണ്ട സകല അനുഗ്രഹങ്ങളും ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. വിശ്വാസത്തിലൂടെ നാം അത് ഏറ്റെടുക്കണം. ക്രിസ്തുവിന്റെ വാക്കുകൾ നമുക്ക് ആത്മീക പ്രകാശവും ചൈതന്യവും നല്കും. ആ ദിവ്യമൊഴികൾ കേൾക്കാനും തിരിച്ചറിയാനും കഴിയണം. സന്മാർഗ്ഗജീവിതത്തിന് വേദപുസ്തകം നമ്മെ പ്രബോധിപ്പിക്കുന്നു. ദൈവ മുമ്പാകെ തെറ്റുകൾ ഏറ്റുപറയുവാൻ എല്ലാവർക്കും സാധിക്കണം. മനുഷ്യന്റെ ഉള്ളിലെ ശൂന്യതഭാവം നികത്തണമെങ്കിൽ യേശുക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കണം. ദൈവവിശ്വാസം മനുഷ്യനെ സത്യത്തിലേക്കും നീതിയിലേക്കും നയിക്കും.

ഞാൻ എന്ന ഭാവം ഉപേക്ഷിക്കണം. ദൈവത്തെ മറന്നുള്ള ജീവിതമാണ് അധാർമ്മികതയിലേക്ക് നയിക്കുന്നത്. ദൈവത്തെ പുറംതള്ളുന്നത് വലിയ ദുരന്തങ്ങൾക്ക് കാരണമാകും. ദൈവീകവചനങ്ങളെ പുറംതള്ളുന്നവർ ദോഷത്തിനായ് സ്വയം ഏല്പിക്കുകയാണ്.

സ്വാർത്ഥത വെടിഞ്ഞ് സ്നേഹത്തിൽ അധിഷ്ടിതമായ ജീവിതം നയിക്കുവാൻ എല്ലാവർക്കും ഇടയാകണം. എല്ലാവരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയുമാണ് വിശ്വാസികളുടെ കടമ. പരസ്പരബഹുമാനത്തോടെ ദൈവത്തിങ്കലേക്കുള്ള പാത തുറക്കുവാൻ കഴിയണം. നമ്മെ എല്ലാവരും ബഹുമാനിക്കണം പക്ഷേ അത് തിരിച്ചുനല്കാൻ നാം തയ്യാറായിട്ടില്ല. അഹന്ത ഇല്ലാതായാൽ മാത്രമേ നന്മ ഉണ്ടാകു. നന്മ ഉള്ള ഹൃദയത്തിനേ മറ്റുള്ളവരിൽ നന്മ കാണുവാൻ കഴിയുകയുള്ളു. ജീവിതം അർത്ഥപൂർണ്ണമാകുന്നത് ദൈവത്തോടും മനുഷ്യരോടും വിശ്വസ്തത പുലർത്തുമ്പോഴാണ്.

വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ വിശ്വാസികൾക്ക് കഴിയണം. ആത്മീകത ഒഴികെ മറ്റൊന്നിലും ജനവിശ്വാസം എക്കാലവും ഉറച്ചു നിൽക്കുകയില്ല. യേശുക്രിസ്തുവിന്റെ ജീവിതമാതൃക പകർത്തണം. ആത്മീക അവബോധം ലഭ്യമായാൽ മാത്രമേ ലോകത്തിന് നന്മ ചെയ്യുവാൻ കഴിയുകയുള്ളു.

ആഗോളവത്കരണകാലത്ത് ലോകം ഒരു ഗ്രാമമായി ചുരുങ്ങമ്പോൾ കൈസ്തവ സമൂഹങ്ങൾ തമ്മിലുള്ള സൗഹൃദവും സഹകരണവും അനിവാര്യമാണ്. വിഭാഗീകതയുടെ പേരിലുള്ള ചേരിപ്പോരുകളും ഭീകരതയുമല്ല ആവശ്യം. നന്മയുടെയും സത്യത്തിന്റെയും പാത ലളിതമല്ല. എങ്കിലും മറ്റുള്ളവരെക്കുറിച്ച് ആദരവോടും സഹാനുഭൂതിയോടും നാം ചിന്തിക്കണം.

ദൈവീക ദർശനങ്ങൾ ജീവതത്തിൽ പകർത്തി സമൂഹത്തിന്റെയും കുടുംബത്തിന്റെയും നന്മക്കായി പ്രയോജനപ്പെടുത്തണം. ആത്മീകതയ്ക്കുമാത്രമേ സമൂഹത്തിന്റെ ജീർണ്ണതയും വികലതയും മാറ്റുവാൻ സാധിക്കൂ. അറിവുമാത്രമല്ല മൂല്യമുള്ള ചിന്തകളും അനുഭവങ്ങളും ദൈവീക സന്ദേശങ്ങളും പുതിയ തലമുറയ്ക്ക് പകർന്നു നല്കുവാൻ നമുക്ക് കഴിയണം. ദൈവഭയത്തിൽ അധിഷ്ഠിതമായ ജീവിതം അനിവാര്യമാണ്. തിന്മകളോടു പൊരുതുവാൻ ദൈവവചനം ഉൾക്കൊള്ളണം.

പ്രാർത്ഥന ജീവിതത്തിന്റെ അനുഭവമാക്കി മാറ്റണം. മനുഷ്യനെയും ദൈവത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ് പ്രാർത്ഥന. ദൈവസന്നിധിയിലേക്കുള്ള മനുഷ്യന്റെ അടുപ്പം പൂർത്തിയാകുന്നത് പ്രാർത്ഥനയിലൂടെയാണ്. വിശ്വാസമാണ് പ്രാർത്ഥനയുടെ അസ്ഥിവാരം. വിശ്വസിക്കുമ്പോൾ ലഭിക്കുന്നു എന്നതിലാണ് പ്രാർത്ഥനയുടെ ആഴം. പ്രാർത്ഥനയിൽ ഒന്നും മറച്ചുവയ്ക്കരുത്. ദൈവത്തിന് മനുഷ്യരെ നന്നായി അറിയാം. തുറന്ന മനസ്സോടും ആഴത്തിലുള്ള വിശ്വാസത്തോടുംകൂടി വേണം പ്രാർത്ഥിക്കുവാൻ.

ആധുനിക സംസ്കാരം കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നു. പഴയകാലവും ബുദ്ധിമുട്ടുകളും കുട്ടികളെ ഓർമ്മിപ്പിക്കുവാൻ മറക്കരുത്. സുഖലോലുപതയാണ് എല്ലാം എന്നുള്ള ചിന്ത തലമുറകളെ നാശത്തിലേക്ക് തള്ളിവിടും. അമിതവാത്സല്യം കുട്ടികളെ വഴിപിഴയ്ക്കാൻ ഇടയാക്കും.

വിവാഹപൂർവ്വ കൗൺസിലിംഗ് എല്ലാ സമുദായങ്ങളും നിർബന്ധമാക്കണം. ആത്മീകതയും തിന്മയും പെരുകിയ ഭാരതനഗരങ്ങളിൽ ആത്മീയവെളിച്ചമേകാൻ സഭകൾക്കും സമൂഹത്തിനും ഇടയാകണം! അറിവിനുപകരം ജീവിതദർശനവും ധാർമ്മികമൂല്യങ്ങളും പകർന്നു നൽകാൻ സഭാസമൂഹത്തിന് കഴിയണം. നമ്മുടെ മക്കൾ എങ്ങനെയാകുവാൻ ആഗ്രഹിക്കുന്നുവോ, അങ്ങനെ ജീവിച്ചു മാതൃക കാണിക്കുവാൻ ശ്രമിക്കണം.

മനുഷ്യത്വം നശിക്കുന്നതിലൂടെ നീതിയും സമാധാനവും ഇല്ലാതെയാകും. യുവതലമുറ അക്രമത്തിലേക്കും അരാചകത്വത്തിലേക്കും നീങ്ങുകയാണ്. സ്ത്രീപീഡനങ്ങളും കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർദ്ധിക്കുന്നു. സ്ത്രീ ലോകത്തിന്റെ സൗന്ദര്യമാണ്, അമ്മയാണ്, സഹോദരിയാണ്. ഇത്തരത്തിൽ സ്ത്രീയെ ബഹുമാനിക്കാൻ പുരുഷലോകത്തിന് കഴിയണം. വഴിതെറ്റിയ സമൂഹത്തെ നേർവഴിക്കു നയിക്കുവാൻ ക്രൈസ്തവ യുവാക്കൾ മുന്നോട്ടുവരണം.

കടപ്പാടുകൾ മറക്കുന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ് കേരളത്തിൽ അങ്ങോളമിങ്ങോളുമുള്ള വൃദ്ധസദനങ്ങൾ. സ്നേഹവും കടപ്പാടും അന്യം നിന്ന വികാരങ്ങളായി മാറിയിരിക്കുന്നു. മതിലും വേലിയും കൊണ്ട് ഭൂമിയെ വേർതിരിച്ചതുപോലെ മനുഷ്യൻ സ്നേഹത്തെയും മതിൽകെട്ടി തടഞ്ഞിരിക്കുന്നു. മാതാപിതാക്കളെയും ഗുരുജനങ്ങളെയും ആദരിക്കുന്നതിലും കരുതുന്നതിലും ക്രൈസ്തവവിശ്വാസികൾ മാതൃകയാകണം. മൂല്യങ്ങൾ നിലനിർത്തുന്നതിന് ക്രൈസ്തവസഭകൾ പങ്കുവഹിക്കണം. ദൈവവിളിക്ക് അനുസൃതമായ ദൗത്യം പൂർത്തിയാക്കാൻ ദൈവമക്കൾക്ക് കഴിയണം. വെല്ലുവിളികൾ ഏറ്റെടുത്ത് ധൈര്യസമേതം മുന്നോട്ടു പോകാൻ വിശ്വാസസമൂഹം തയ്യാറാകണം. സമൂഹത്തിലുള്ള പ്രശ്നങ്ങളെ നേരിടാൻ കൂട്ടായ്മകളാണ് ഇന്ന് ആവശ്യം. നീതി നിഷേധിക്കുന്നവരുടെ കണ്ണുതുറപ്പിക്കാൻ ദൈവം ശക്തനാണ്.



# യിശ്ശായിയുടെ കുറ്റി



വി. എം. ജോൺ ചേത്തയ്ക്കൽ

ദാവീദ് രാജാവിന്റെ അപ്പനായ യിശ്ശായി ഫെറേസിന്റെ കുടുംബത്തിൽ, ഓബേദിന്റെ പുത്രനും ബോവസിന്റെ പൗത്രനുമാണ്. വിശ്വാസികൾക്ക് യിശ്ശായിയുടെ കുറ്റിയുമായി എന്തു താരതമ്യവും ബന്ധവും ഉണ്ട്? കുറ്റി = വെട്ടിയ വൃക്ഷത്തിന്റെ ചുവട്ടിൽ നിൽക്കുന്ന മുറി എന്നാണർത്ഥം. കുറ്റി അറ്റു പോകുക എന്നതിന് സന്തതി നശിച്ചു പോകുക (തലമുറ അറ്റുപോകുക) എന്നർത്ഥവും ഉണ്ട്. യിശ്ശായിയുടെ കുറ്റി എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്? സത്യവേദത്തിൽ കുറ്റിക്ക് വളരെയേറെ പ്രാധാന്യം ഉണ്ട്. ഇയ്യോബ് എന്ന ഭക്തൻ പറയുന്നു: അവന്റെ ഓർമ്മ ഭൂമിയിൽ നിന്ന് നശിച്ചുപോകും (കുറ്റി അറ്റുപോകും) പെരുവഴിയിൽ അവന്റെ ഓർമ്മ ഇല്ലാതെപോകും, ദാവീദ് രാജാവ് പറയുന്നു: അവരുടെ ഓർമ്മ ദൈവം ഭൂമിയിൽ നിന്നും ഛേദിച്ചുകളയും (സങ്കീ. 109:15). എന്നാൽ നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത് (സദൃ. 10:7).

അപ്പോസ്തലനായ പൗലൊസ് സൂചിപ്പിക്കുന്നത്: "ഞാൻ പൂർവ്വന്മാരുടെ ദൃഷ്ടാന്തം അനുസരിച്ച് നിർമ്മല മനസ്സാക്ഷിയോടെ ആരാധിക്കുന്ന ദൈവത്തിന്, നിന്റെ നിർവ്യാജ വിശ്വാസത്തിന്റെ ഓർമ്മ നിമിത്തം സ്തോത്രം ചെയ്യുന്നു" (2 തിമൊ. 1:4). പൂർവ്വികന്മാർ ശേഷിപ്പിച്ച പല നല്ല കാര്യങ്ങളും പിന്തുടരുന്ന പതിവ് നമ്മുടെ സമൂഹത്തിൽ ഉണ്ട്. നാം ശേഷിപ്പിച്ചു പോകുന്ന സുഗന്ധമുള്ള കാര്യങ്ങൾ പ്രചരിപ്പിക്കേണ്ടതിന് കുറ്റികൾ തലമുറയ്ക്ക് കൈമാറുന്നത് നല്ലതാണ്.

യെശയ്യ. 6:13 ൽ 70 വർഷം യിസ്രയേൽ ബാബേലിൽ പാർത്ത ശേഷം ശേഷിപ്പ് മടങ്ങിവരും ഇവർ വീണ്ടും ശിക്ഷണത്തിന് (നാശത്തിന്) ഇരയാകുമെങ്കിലും നാമാവശേഷമാകുകയില്ല, വെട്ടിയാൽ വീണ്ടും മുളയ്ക്കുന്ന കരിമരം (വെട്ടുമ്പോൾ സുഗന്ധമുള്ള കറ പുറപ്പെടുവിക്കുന്ന ഒരു വൃക്ഷം) കരുവേലകവും പോലെ യിസ്രയേൽ വീണ്ടും മുളക്കും എന്ന് വേദപുസ്തകം ഓർമ്മിപ്പിക്കുന്നു. ഒരു വിശ്വാസി വെട്ടപ്പെട്ടാൽ (മരണത്താൽ മാറ്റപ്പെട്ടാൽ) കരിമരം പോലെ ഏതു സുഗന്ധമാണ് ശേഷിപ്പിക്കുന്നത്. ഇയ്യോബ് പറഞ്ഞതുപോലെ സന്തതി നശിച്ചുപോകുന്ന ഓർമ്മയാണോ എന്ന് ചിന്തിക്കണം. ഈ ഉത്തരവാദിത്വബോധം വിശ്വാസികൾക്കു കൈമോശം വന്നുകൂടാ.

ഇക്കാലത്ത് സഭകളിൽ ഭവനങ്ങളിൽ അടുക്കും മുറയുമുള്ള ജീവിതത്തിന്റെ മാർഗ്ഗമാണ് ഉണ്ടാകേണ്ടത്. അനുകരിപ്പാൻ വെമ്പൽ കൊള്ളുന്ന ഒരു തലമുറയാണ് വളർന്നു വരുന്നത്. എന്ന കാര്യം വിശ്വാസികൾ മറന്നുപോകരുത്. കല്ലും മണ്ണും കൊണ്ടുള്ള ഓർമ്മയല്ല വേണ്ടത്. കുറ്റി അറ്റു പോകുന്ന സാഹചര്യത്തിന്റെ വക്കിൽ എത്തിനിൽക്കുന്ന സമൂഹത്തിന് എന്താണ് നമുക്ക് കാഴ്ച വെയ്ക്കുവാൻ ഉള്ളത്. അനുകാരികൾക്ക് യോചിച്ച നല്ല മാർഗ്ഗങ്ങൾക്ക് അടിത്തറയിടുവാൻ വിശ്വാസിക്ക് കഴിഞ്ഞാൽ നന്ന്.

യിശ്ശായുടെ കുറ്റിയെപ്പറ്റി മനസ്സിലാക്കുന്നത് നമ്മുടെ ഓട്ടക്കളത്തിലെ ഓട്ടം പിൻതലമുറയ്ക്കുവേണ്ടി ക്രമപ്പെടുത്തുവാൻ സഹായിക്കും. "അന്നാളിൽ വംശങ്ങൾക്കു കൊടിയായി നിൽക്കുന്ന യിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചു വരും, അവന്റെ വിശ്രമ സ്ഥലം മഹത്വമുള്ളതായിരിക്കും". ഇയ്യോബ് കുറ്റിയ്ക്കു കൊടുത്തിരിക്കുന്ന വിശദീകരണം: ഒരു വൃക്ഷമായിരുന്നാൽ പ്രത്യാശയുണ്ട്, അതിനെ വെട്ടിയാൽ പിന്നെയും പൊട്ടി കിളിർക്കും. അതു ഇളംകൊമ്പുകൾ വിടാതിരിക്കയില്ല അതിന്റെ വേർ നിലത്തു പഴകിയാലും അതിന്റെ കുറ്റി മണ്ണിൽ കെട്ടുപോയാലും വെള്ളത്തിന്റെ ഗന്ധം കൊണ്ട് അതു കിളിർക്കും ഒരു തൈപോലെ തളിർവിടും (ഇയ്യോ. 14:7-9).

നമ്മുടെ വിശ്വാസവും പ്രത്യാശയും പിൻതലമുറയ്ക്ക് അംഗീകാരയോഗ്യമാണോ എന്നു ചിന്തിക്കണം. യിശ്ശായിയുടെ കുറ്റിയെപ്പറ്റി വേദപുസ്തകം വെളിപ്പെടുത്തിയിട്ടുള്ളതു ശ്രദ്ധേയമാണ്. ദാവീദിന്റെ വൃക്ഷം വീണു എങ്കിലും (യെശയ്യ. 6:13 നോക്കുക) യിശ്ശായിയുടെ കുറ്റിയിൽ നിന്നും (ദാവീദു ഗൃഹം. 1 ശമു. 17:12 നോക്കുക) "മശിഹാ" എന്ന വ്യക്തി ഒരു മുള അഥവാ കൊമ്പ് പൊട്ടി പുറപ്പെടും. ഫലം കായ്ക്കും, അവന്റെ മേൽ യഹോവയുടെ ആത്മാവ് ആവസിക്കും; ജ്ഞാനത്തിന്റെയും, വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവ് തന്നെ. അവന്റെ പ്രമോദം യഹോവാ ഭക്തിയിൽ ആയിരിക്കും.

ചില സംഭവങ്ങളും വസ്തുക്കളും സ്മാരകങ്ങളാണ്. അവയെയും ഓർമ്മ എന്നാണ് പറയുന്നത്. തലമുറകളിലൂടെ തങ്ങളുടെ ഓർമ്മ (കുറ്റി) നിലനിൽക്കണമെന്ന് മനുഷ്യൻ ഇച്ഛിക്കുന്നു. സന്തതികളിലൂടെ മനുഷ്യൻ ഓർക്കപ്പെടുന്നുവെന്ന് പൊതുധാരണയുണ്ട്. സന്താനങ്ങൾ ഇല്ലാത്തവർ തങ്ങളുടെ നാമം നിലനിർത്തുന്നതിന് സ്മാരകസ്തംഭം നിർമ്മിക്കുന്നു. അബ്ശാലോം ജീവനോടിരുന്ന സമയത്ത് തന്റെ പേർ നിലനിർത്തുന്നതിന് ഒരു മകൻ ഇല്ലല്ലോ എന്ന് പറഞ്ഞ് ഒരു സ്തംഭം നാട്ടി. അതിന് തന്റെ പേർ വിളിച്ചു (2 ശമു. 18:18). പെസഹ പെരുന്നാൾ യിസ്രയേല്യർക്ക് ഓർമ്മ പെരുന്നാളാണ്. യഹോവയ്ക്ക് പ്രസാദകരമായ കുറ്റികൾ (ഓർമ്മ) നിലനിർത്തുന്നതിന് വിശ്വാസികൾ പരിശ്രമിക്കേണ്ടതാണ്. കുറ്റികൾ നിലനിർത്തി തലമുറയ്ക്ക് അംഗീകാരയോഗ്യമായവയെ വളർത്തിയെടുക്കുവാൻ വിശ്വാസികൾ ജാഗ്രത പാലിക്കണം. അതിന് ദൈവം കൃപ നൽകട്ടെ.

## എസ്.ബി.എസ്. സൗത്ത് ഡിവിഷൻ ക്യാമ്പ് പുത്തൻകാവിൽ

**പുത്തൻകാവ്:** ഒക്ടോബർ 1 മുതൽ 4 വരെ പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ വച്ച് നടത്തപ്പെടുന്ന ഡിവിഷൻ ക്യാമ്പിന്റെ വിപുലമായ ക്രമീകരണങ്ങൾ നടന്നുവരുന്നു. ആഗസ്റ്റ് 6 ന് കോട്ടയം ളാക്കാട്ടൂർ സഭാഹാളിൽ നടന്ന പ്രാർത്ഥനാസമ്മേളനത്തിൽ നിരവധി പ്രവർത്തകർ പങ്കെടുത്തു. അടുത്ത പ്രാർത്ഥനാസമ്മേളനം സെപ്റ്റംബർ 3 ബുധൻ വൈകിട്ട് 6 മുതൽ 8 വരെ കലഞ്ഞൂർ ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തും. സഹോദരൻ പി. ജി. ജെയിംസ് വചനം ശുശ്രൂഷിക്കും. എല്ലാ പ്രീയപ്പെട്ടവരുടെയും പ്രാർത്ഥനയും സാന്നിദ്ധ്യവും ക്ഷണിച്ചുകൊള്ളുന്നു.

**ബിജു വർഗ്ഗീസ്- 9744521374**

## ദിവാനിയിൽ സ്നാനശുശ്രൂഷയും ഗ്രാമസുവിശേഷീകരണവും

**ഹരിയാന :** സ്ഥലത്തെ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി 4 പേർ വിശ്വാസ സ്നാനം സ്വീകരിച്ചു. സമീപ ഗ്രാമങ്ങളിലും പ്രവർത്തനങ്ങൾ നടക്കുന്നു. ആരാധനയ്ക്കും പൊതു കൂടിവരവുകൾക്കും ഇപ്പോഴും സൗകര്യം ഉണ്ടായിട്ടില്ല. ഒരു സഭാഹാളിന്റെ ആവശ്യം വളരെയാണ്. ദൈവജനത്തിന്റെ ആത്മാർത്ഥ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

**കെ.കെ. തങ്കച്ചൻ - 941623126**

സഹോദരിമാരോട്

# അവർ വേർപിരിഞ്ഞില്ല

മെറീനാ ജോണി

അവൾ കാരണമാണല്ലോ താൻ ഇതൊക്കെയും സഹിക്കേണ്ടി വന്നത്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിയ്ക്കരുത് എന്ന പ്രമാണമൊന്നും അന്ന് ഇല്ലായിരുന്നു. എങ്കിലും ആ ദമ്പതികൾ പിറുപിറുപ്പില്ലാതെ ജീവിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. ദൈവം ഹാബേലിനു പകരം മറ്റൊരു സന്തതിയെ അവർക്കു കൊടുത്തു. അവനാണ് ശേത്ത്.

ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും ദൈവം സൃഷ്ടിച്ച ആദ്യമനുഷ്യനായ ആദാം. തക്കതുണയായി ഹവ്വയെ കൊടുത്തു. ഭൂമിയിൽ ദൈവം സ്ഥാപിച്ച ആദ്യത്തെ കുടുംബം എല്ലാവിധ സ്വാതന്ത്ര്യത്തിലും സുഖത്തിലും ആ ദമ്പതികൾ ദൈവത്തോടുകൂടെ നടന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ദൈവകൽപ്പന ലംഘിക്കുവാൻ നിർബന്ധിച്ചു. അനുസരണക്കേടിന്റെ ആദ്യചുവട് അവിടെ ആരംഭിച്ചു. പഴം പറിച്ചു തിന്ന ഹവ്വ ആദാമിനെയും അതിൽ പങ്കുകാരനാക്കി. ദൈവം കൊടുത്ത ആദ്യകൽപ്പന ലംഘിക്കുവാൻ ഇടയായി. ദൈവകോപം അവരുടെ മേൽ വന്നു. ഭൂമി ശാപത്തിൻ കീഴായി. കഷ്ടതയും വേദനയും വർദ്ധിച്ചു. നല്ല സസ്യങ്ങൾ മാത്രം ഉണ്ടായിരുന്ന മണ്ണിൽ മുള്ളും പറക്കാരയും മുളച്ചു.

തെറ്റു ചെയ്തതിന്റെ തിക്താനുഭവം ഇരുവരും അനുഭവിക്കേണ്ടിവന്നു. എന്നാൽ ഒരിക്കൽപോലും അവർ അന്യോന്യം കുറ്റപ്പെടുത്തുന്നതായി കാണുന്നില്ല. ഏദെൻ തോട്ടത്തിൽ നിന്നും പുറത്തായതിന്റെ ഫലം അവർ ആദ്യ സന്തതിയായ കയീനിൽ നിന്നും അനുഭവിച്ചു. ആ കഷ്ടതയും അവർ ഒരുമിച്ചനുഭവിച്ചു. ആദാമിനു ഹവ്വയെ ഉപേക്ഷിക്കാമായിരുന്നു. അവൾ കാരണമാണല്ലോ താൻ ഇതൊക്കെയും സഹിക്കേണ്ടി വന്നത്. "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിയ്ക്കരുത്" എന്ന പ്രമാണമൊന്നും അന്ന് ഇല്ലായിരുന്നു. എങ്കിലും ആ ദമ്പതികൾ പിറുപിറുപ്പില്ലാതെ ജീവിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. ദൈവം ഹാബേലിനു പകരം മറ്റൊരു സന്തതിയെ അവർക്കു കൊടുത്തു. അവനാണ് ശേത്ത്.

വിശ്വാസികളുടെ പിതാവായ അബ്രാഹാം. ഭാര്യയായ സാറയുടെ വാക്കുകേട്ടു ദാസിയായ ഹാഗറിന്റെ അടുക്കൽ പോയി. ദൈവം കൊടുത്ത വാഗ്ദത്തം ഇരുവരും വിസ്മരിച്ചു. എന്നാൽ അബ്രാഹാം ഇതിലൊന്നിലും സാറയെ കുറ്റപ്പെടുത്തുന്നില്ല. അവർ ഗെരാരിൽ പരദേശിയായ പാർത്ത നാളിൽ അബ്രഹാം സാറ തന്റെ ഭാര്യയാണെന്ന യാഥാർത്ഥ്യം മറച്ചുവെയ്ക്കുവാൻ സാറയെ നിർബന്ധിക്കുന്നു. അനന്തരഫലമോ? സാറ അബിമേലെക്കിന്റെ കൊട്ടാരത്തിൽ പോകേണ്ടിവന്നു. എത്ര പരിതാപകരം. ദൈവം സാറയോടു കൃപ കാണിച്ചു. അവളോടു പാപം ചെയ്യാതിരിപ്പാൻ രാജാവിന്റെ ഹൃദയത്തെ തടുത്തു. സാറ അബ്രഹാമിനെ കുറ്റപ്പെടുത്താമായിരുന്നു.

എന്നാൽ സാഹചര്യങ്ങളെ വിവേചിച്ചറിയാനുള്ള കഴിവ് അവൾക്കുണ്ടായിരുന്നു. കുടുംബ ജീവിതത്തിൽ പല ദുർഘടസാഹചര്യങ്ങളും വരാം. അതിനെ തരണം ചെയ്യാനും തെറ്റുകൾ അന്യോന്യം ക്ഷമിക്കുവാനും കഴിയുമ്പോഴാണു ദാമ്പത്യ ജീവിതം വിജയിക്കുകയുള്ളൂ. അബ്രഹാമിന്റെ മകനായ യിസ്സഹാക്കും ഭാര്യ റിബേക്കയോടും ഇതേ തെറ്റാവർത്തിക്കുന്നു. അവിടെയും ഒരു കുടുംബകലഹം കാണുന്നില്ല. ഇതിൽനിന്ന് നാം മനസ്സിലാക്കേണ്ട ഒരു മാതൃകയുണ്ട്.

ഇരുഭവനങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ വളർത്തപ്പെട്ട സ്ത്രീയും പുരുഷനും ഒരുമിക്കുമ്പോൾ തമ്മിൽ ചേർന്നിരിക്കാൻ ചില മുനകൾ ചെത്തിക്കളയേണ്ടി വരും. ഭാര്യാഭർത്താക്കന്മാർ അന്യോന്യം ക്ഷമിച്ചും സഹിച്ചും വിട്ടുവീഴ്ച ചെയ്തും ജീവിക്കുമ്പോൾ ദൈവം അനുഗ്രഹിക്കും. ഇന്ന് വിവാഹ ഉടമ്പടിയെല്ലാം കാറ്റിൽ പറത്തി വിശ്വാസികൾ പോലും കോടതികൾ കയറിയിറങ്ങുന്നു. എന്തിനു വേണ്ടി? കുടുംബ ജീവിതത്തിലെ ദാരിദ്ര്യം കൊണ്ടോ? അതോ സുഖസൗകര്യങ്ങൾ കൂടിയതു കൊണ്ടോ? ദൈവം വിദ്യാഭ്യാസം കൊണ്ടും സമ്പത്തുകൊണ്ടും ദൈവമക്കളെ അനുഗ്രഹിച്ചിരിക്കുന്നു. അതിൽനിന്നു വന്ന നിഗളവും സ്വാർത്ഥതയുമാണ് ഇന്നത്തെ പ്രശ്നം.

ഭർത്താവിനു കീഴ്പ്പെടേണ്ട ഭാര്യ എത്ര വിദ്യാഭ്യാസവും ഉദ്യോഗവും ഉണ്ടായാലും സദൃവാക്യങ്ങൾ 31 ലെ സാമർത്ഥ്യവും യഹോവാ ഭക്തിയും ഉള്ള സ്ത്രീയായിരിക്കണം. ഭാര്യ മൂലമാണു ഭർത്താവും മക്കളും അനുഗ്രഹിക്കപ്പെടുന്നത് എന്നു സ്ത്രീകളായ നാം എപ്പോഴും ഓർക്കേണ്ട സത്യമാണ്. ദൈവ മുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും നമ്മുടെ നടപ്പ് മാതൃകയുള്ളതായിരിക്കട്ടെ.

ദൈവം നമ്മെ ഒരു കുടുംബമാക്കിത്തീർക്കുന്നത് ദൈവരാജ്യത്തിന്റെ കെട്ടുപണിക്കാണെന്നുള്ള കാര്യം വിസ്മരിക്കരുത്. നിസ്സാര കാര്യങ്ങൾ വലുതാക്കി മാതാപിതാക്കൾക്കും സഭയ്ക്കും കോടതികൾക്കും നാം തലവേദനയാകരുത്. കരിപുരണ്ട കലം അന്നന്നു വൃത്തിയാക്കുന്നതുപോലെ "സൂര്യൻ അസ്തമിക്കും മുമ്പേ പ്രശ്നങ്ങൾ അന്യോന്യം പറഞ്ഞുതീർക്കണം, ദിവസം കഴിയുംതോറും പിശാചു നമ്മെ കീഴ്പ്പെടുത്തും". (എഫെ. 4:26-27). നമ്മെ ശ്രേഷ്ഠ ജാതിയാക്കിയാണു ദൈവം തെരഞ്ഞെടുത്തത് എന്ന് നന്ദിയോടെ എപ്പോഴും ഓർക്കേണ്ടതാണ്. "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" എന്ന കൽപ്പന നമുക്കു ദൈവം തന്നിട്ടുണ്ട്. കർത്താവിന്റെ കൽപ്പന പാലിച്ച് ക്ഷമയിലും സ്നേഹത്തിലും സഹിഷ്ണുതയിലും ഉത്തമ കുടുംബ ജീവിതം നയിക്കുവാൻ ദൈവാത്മാവ് നമ്മെ സഹായിക്കട്ടെ.

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

# ഓൾ ഇൻഡ്യ എസ്.ബി.എസ് & എമ്മാവുസ് കൺസൾട്ടേറ്റീവ് സമ്മേളനം

**കൊൽക്കട്ട:** സുവിശേഷകൻ ബാലസംഘത്തിന്റെയും ഇമ്മാവുസ് മിനിസ്ട്രീസിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു പ്രത്യേക സമ്മേളനം 2014 ആഗസ്റ്റ് 4 മുതൽ 6 വരെ കൊൽക്കട്ട ബി.എം.എസ് സെന്ററിൽ നടത്തപ്പെട്ടു. എസ്.ബി.എസ് പ്രസിഡന്റ് ഏബ്രഹാം തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. 24 സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. വടക്കെ ഇന്ത്യയിൽ അടുത്ത വർഷങ്ങളിൽ നടക്കുവാൻ പോകുന്ന വിവിധ പരിപാടികളെക്കുറിച്ച് സമ്മേളനം ചർച്ച ചെയ്തു. ഓരോ സംസ്ഥാനങ്ങളിലും ട്രെയിനിംഗ് പ്രോഗ്രാമുകൾ, സൺഡേസ്കൂൾ, ഇമ്മാവുസ് ബുക്കുകൾ എല്ലാ ഭാഷകളിലേക്കും വിവർത്തനം ചെയ്യുക, വി.ബി.എസ് എല്ലാ ഭാഷകളിലും നടത്തുവാനുള്ള ക്രമീകരണം തുടങ്ങിയ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനം എടുക്കുവാൻ സമ്മേളനത്തിലിടയായി. സഹോദരൻമാരായ രാജു കെ തോമസ്, സി.എം. ദാനിയേൽ, ശേഷൻ ഏബ്രഹാം ഭോപ്പാൽ (ഇമ്മാവുസ് ജന.സെക്രട്ടറി), ഗോഡ്‌ലി ഡാനിയേൽ ബാംഗ്ലൂർ, ടി.ജെ ജോസഫ്, സാമുവേൽ തോമസ്, സാം മാത്യു, ബിനു സാമുവേൽ (എസ്.ബി.എസ് ജന. സെക്രട്ടറി), സാംസൺ പി, റെജി കെ തോമസ്, ഗോഡ്സൺ വാലയിൽ, ജിജോ സി ജോർജ്ജ്, പി. സാംകുമാർ, സന്തോഷ് തോമസ്, മൊലയ്കാന്ത്, അമിത്ത് തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

# 1... മിനി യാത്രയായി. സങ്കടവഴിയിൽ....

ലേറ്ററിൽ ജീവനുവേണ്ടിയുള്ള പോരാട്ടത്തിലാണ് സുരേഷ്.

ആഗസ്റ്റ് 6 ബുധൻ ഓമല്ലൂർ സഭയുടെ യോഗവും കഴിഞ്ഞ് മടങ്ങിയ സുരേഷും കുടുംബവും രാത്രി 8.40ന് അതിദാരുണമായ അപകടത്തിൽപെടുകയായിരുന്നു. വഴിയോരത്ത് അനധികൃതമായി ഇറക്കിയിട്ട മണലിൽ കയറി മറിഞ്ഞ ഓട്ടോയുടെ മുകളിലൂടെ ലോറി കയറിയാണ് സഹോദരി മിനി ലോകത്തോട് വിട പറഞ്ഞത്. ഗുരുതര പരിക്കുകൾ പറ്റിയ സുരേഷ്, ഭാര്യ മിനി, കൈ ഒടിഞ്ഞ പത്തു വയസ്സുള്ള മകൾ ശ്വേത എന്നിവരെ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും മിനി മരണത്തിന് കീഴ്പ്പെട്ടിരുന്നു.

ബറോഡയിൽ തുണിമില്ലിൽ ജോലിയിൽ കഴിയുന്ന കാലത്താണ് ഇരുവരും സുവിശേഷം കേൾക്കുകയും രക്ഷാനുഭവത്തിലേക്ക് വരികയും ചെയ്തത്. പിതാവും സഹോദരനും മരിച്ചതിനെത്തുടർന്ന രോഗിയായ മാതാവിനെ ശുശ്രൂഷിക്കുവാനാണ് മിനിയും കുടുംബവും നാട്ടിലെത്തിയത്. മാതാവും വൈകാതെ മരിച്ചു.

ഓമല്ലൂർ ബ്രദറൺ സഭാബന്ധത്തിലേക്ക് താത്പര്യപൂർവ്വം വന്ന കുടുംബം വളരെ നല്ല സാക്ഷ്യം പുലർത്തി. ബി.പി.യും ബ്ലഡ് ഷുഗറും കൊളസ്ട്രോളും ശരീരത്തെ ബാധിച്ചിരുന്നെങ്കിലും ഭൗമികമായ ഒരു ആവശ്യത്തിനുവേണ്ടിയും പരാതിപ്പെടുന്ന സ്വഭാവം മിനിക്ക് ഇല്ലായിരുന്നു. ഹൈന്ദവ ചുറ്റുപാടിൽ ജനിക്കയും വളർത്തപ്പെടുകയും ചെയ്ത സുരേഷിനും മിനിക്കും സ്വന്തബന്ധങ്ങളിൽ നിന്നുള്ള എതിർപ്പ് ശക്തമായിരുന്നു. പ്രതിസന്ധികളിൽ തളരാതെ നിന്ന കുടുംബം വചനപഠനത്തിനും സഭാ കൂട്ടായ്മകൾക്കും പ്രാധാന്യം നൽകി. ഏതു പ്രതികൂലം നേരിട്ടാലും കർത്താവിൽ നിന്നും ഞാൻ പിന്മാറുകയില്ല എന്ന സാക്ഷ്യം മിനി പലപ്പോഴും പ്രസ്താവിച്ചിരുന്നു. ബ്രദറൺ സമൂഹത്തിന്റെ പൊതുകൂടിവരവുകളെ ആത്മീകാനുഗ്രഹ വേദികളാക്കുകയായിരുന്നു മിനിയും കുടുംബവും.

മക്കളെ ഇരുവരേയും വചനത്തിലും ആത്മീകാനുഭവങ്ങളിലും ഒന്നാമതെത്തിക്കുവാൻ ഏറെ ശ്രമിച്ചു. ബാലസംഘം ക്യാമ്പുകളിൽ സുമിത്തും ശ്വേതയും നേടിയ സമ്മാനങ്ങൾ അതിന് തെളിവുകളാണ്.

സുരേഷിന് റബ്ബർ ടാപ്പിങ്ങിലൂടെ ലഭിച്ചിരുന്ന തുച്ഛമായ വരുമാനം കൊണ്ട് ഞെരുക്കവും പട്ടിണിയും സഹിച്ചും കർത്താവിന്റെ മുഖത്തേക്ക് നോക്കി സഞ്ചരിച്ച കുടുംബം. ഓമല്ലൂർ സഭയുടെ ചുമതലയിൽ ആഗസ്റ്റ് 12 ചൊവ്വ 10ന് ഓമല്ലൂർ വൈ.എം.സി.എ. ഹാളിൽ നടന്ന മിനിയുടെ സംസ്കാര ശുശ്രൂഷയിൽ വളരെയേറെ വിശ്വാസികളും, സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിലെ വ്യക്തികളും പങ്കെടുത്തു. കണ്ണീരോടെ പ്രിയ സഹോദരിക്ക് വിട പറഞ്ഞു. എബി കെ. ജോർജ്ജ്, ബിനു സാമുവേൽ, വി. എസ്. മാത്യു, സി.റ്റി. ജോണിക്കുട്ടി, പി.ജി. ജെയിംസ് എന്നിവർ ആശ്വാസദൂത് നൽകി. എക്സഡസ് റ്റി.വി. പരിപാടി സൗജന്യമായി തത്സമയം സംപ്രേഷണം ചെയ്തു. മാതാവ് നഷ്ടപ്പെട്ട സുജിത്തിനും ശ്വേതയ്ക്കും ഗുരുതരാവസ്ഥയിൽ കഴിയുന്ന സുരേഷിനും നാം ആശ്വാസമാകണം. പ്രാർത്ഥനയും കൈത്താങ്ങലും ആവശ്യമുണ്ട്. ഓമല്ലൂർ സഭ മുൻകൈയെടുത്ത് ആരംഭിച്ച ആശ്വാസ ഫണ്ടിലേക്ക് ഒരു സ്നേഹകൂട്ടായ്മ അയയ്ക്കുവാൻ താത്പര്യമുള്ളവർ ബന്ധപ്പെട്ടാലും.

Address:
George Samuel,
Muttath house, Omalloore P. O., Pathanamthitta 689647

**South Indian Bank**
Omalloor Branch
SB A/c Number:
0387053000004729
IFS Code: SIBL0000387

# ആർ.സി.സി. തിരുവന്തപുരം

## ക്യാൻസറിനെതിരെയുള്ള യുദ്ധത്തിൽ പങ്കു ചേരു...

- 500 രൂപയ്ക്ക് ആജീവനാന്ത ക്യാൻസർ സുരക്ഷ

ക്യാൻസറിന് ഇന്ന് ചെലവുകുറഞ്ഞ പരിശോധനാരീതികൾ ലഭ്യമാണ്. ഡോക്ടറുടെയോ ആശുപത്രിയുടെയോ സഹായംപോലും ആവശ്യമില്ലാതെ ചെയ്യാം. ഇത് ആരും അത്ര ഗൗരവമായി എടുക്കുന്നില്ല.

ഇതുമൂലം നിത്യദുരന്തത്തിലേക്കും കഷ്ടപ്പാടിലേക്കും വഴിതെളിയുന്നു. ക്യാൻസർ മൂലം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത തകരുന്നു. ഉണങ്ങാത്ത മുറിവുകൾ, വായിലും ശരീരത്തിലുമുണ്ടാകുന്ന മുഴകളും തടിപ്പുകളും, പ്രത്യേകിച്ച് സ്ത്രീകളുടെ സ്തനങ്ങളിൽ, അസാധാരണവും ആവർത്തിച്ചാവർത്തിച്ചുള്ള രക്തസ്രാവം, ആഹാരം ഇറക്കാനുള്ള പ്രയാസം, വയറുകടി ഇല്ലാത്തപ്പോഴുണ്ടാകുന്ന വയറുവേദന, തുടർച്ചയായ ശബ്ദമടപ്പും ചുമയും എന്നിവയാണ് ക്യാൻസറിന്റെ സൂചനകൾ. 500 മുതൽ 800 ഗ്രാം വരെ പച്ചക്കറികളും പഴവർഗങ്ങളും ഉപയോഗിക്കുക. ഉയർന്ന തോതിൽ ആന്റി ഓക്സിഡന്റ് അടങ്ങിയിട്ടുള്ള ചീര, കാബേജ്, കാരറ്റ്, കോളിഫ്ളവർ, മുളക്, തക്കാളി, മത്തങ്ങ, മധുരക്കിഴങ്ങ്, ഗ്രീൻപീസ്, നാരങ്ങ, വെളുത്തുള്ളി തുടങ്ങിയവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്താൽ ക്യാൻസർ രോഗം വരാതെ ശരീരത്തെ സംരക്ഷിക്കാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ക്യാൻസറിനെ പ്രതിരോധിക്കുന്ന ബീറ്റാകരോട്ടിൻ കൂടിയ തോതിൽ മേൽപറഞ്ഞ പച്ചക്കറികളിൽ ഉണ്ട്. കൂൺ, പപ്പായ, നെല്ലിക്കാ, മുള്ളുള്ള ആത്തക്ക തുടങ്ങിയവയും ക്യാൻസറിനെ പ്രതിരോധിക്കും. നിറമുള്ള പച്ചക്കറികളും പഴങ്ങളും കൂടുതലായി കഴിക്കണം. കൊഴുപ്പേറിയ ഭക്ഷണം ഒഴിവാക്കണം. മത്സ്യവും ഇറച്ചിക്കോഴികളും ഉപയോഗിക്കാം. മറ്റ് ഇറച്ചികൾ കുറയ്ക്കണം. കരിഞ്ഞ ഭക്ഷണം ഒഴിവാക്കണം. സ്തനങ്ങളിൽ തടിപ്പോ മുഴയോ വേദനയോ തോന്നുന്നെങ്കിൽ മാമോഗ്രാഫി ചെയ്യണം. മുപ്പതു വയസിൽ പ്രായമുള്ള വിവാഹിതരായ എല്ലാ സ്ത്രീകളും പാപ്സ്മിയർ പരിശോധന നടത്തണം. അല്ലെങ്കിൽ ഹ്യൂമൻ പാപിലാമോ വൈറസ് ഡി. എൻ. എ. ടെസ്റ്റോ, ലിക്യുഡ് ബേസ്ഡ് സൈറ്റോളജി (എൽ. ബി. സി) ടെസ്റ്റോ നിർബന്ധമായും നടത്തണം. പുകവലി ഉപേക്ഷിക്കണം. മദ്യം ഒഴിവാക്കണം. പതിവായി വ്യായാമം ചെയ്യണം. ക്യാൻസർ ചികിത്സ ചിലവേറിയതാണ്. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ക്യാൻസർ തകർക്കും. അതൊഴിവാക്കാനാണ് ക്യാൻസർ കെയർ ഫോർ ലൈഫിൽ അംഗമായി ചേരേണ്ടതിന്റെ പ്രാധാന്യത. 500 രുപമുതൽ 50,000 രൂപയുടെ ആജീവനാന്ത ക്യാൻസർ പരിരക്ഷ ഉറപ്പുവരുത്താനുള്ള പദ്ധതിയാണ് തിരുവനന്തപുരം റീജണൽ സെന്ററിന്റെ ക്യാൻസർ കെയർ ഫോർ ലൈഫ്. കുടുംബത്തിലെ ഒരംഗത്തിന് 500 രൂപ കൊടുത്താൽ 50,000 രൂപയുടെ സൗജന്യ ചികിത്സ ലഭിക്കും. 1000 രൂപയ്ക്ക് ഒരു ലക്ഷം രൂപയുടെ ചികിത്സയും, 1,500 രൂപയ്ക്ക് ഒന്നരലക്ഷം രൂപയുടെ ചികിത്സയും, 2000 രൂപക്ക് രണ്ടരലക്ഷം രൂപയുടെ ചികിത്സയും, 10,000 രൂപ മുടക്കിയാൽ അഞ്ചുലക്ഷം രൂപയുടെ ചികിത്സയും ലഭിക്കും. ഒറ്റത്തവണ മാത്രം അടച്ചാൽ മതി. ക്യാൻസർ രോഗികൾ അല്ലാത്ത നേരത്തെ ക്യാൻസർ ബാധിച്ചിട്ടില്ലാത്ത ഏതൊരു പൗരനും ഈ പദ്ധതിയിൽ അംഗമാകാം. അംഗത്വമെടുത്ത് രണ്ടു വർഷം കഴിഞ്ഞാൽ ആനുകൂല്യത്തിന് അർഹതയുണ്ടാകും.

അപേക്ഷാഫോറം ആർ. സി. സി. യിൽ നിന്ന് നേരിട്ടോ തപാലിലോ ലഭ്യമാണ്. ഠഠഠ.ൃരര്.ീൃഴ എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത് അംഗത്വമെടുക്കാം. അംഗത്വഫീസ് ആർ. സി. സി. ക്യാഷ് കൗണ്ടറിലെ എല്ലാ പ്രവർത്തി ദിവസവും 3.30 പി.എം. വരെ പണമായി അടച്ച് അംഗമാകാം. ക്യാൻസർ കെയർ ഫോർ ലൈഫ് അക്കൗണ്ട്സ്, റീജണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം എന്ന പേരിൽ ഡി. ഡി.യോ, ചെക്കോ സഹിതം ഡയറക്ടർ, റീജണൽ ക്യാൻസർ സെന്റർ, മെഡിക്കൽ കോളജ് പി. ഒ., തിരുവന്തപുരം– 11 എന്ന വിലാസത്തിൽ തപാലിലും അപേക്ഷ സമർപ്പിക്കാം.

അംഗത്വ ഫീസ് ഒറ്റത്തവണ മാത്രം അടച്ചാൽ മതിയാകും. വാർഷിക പ്രീമിയം അടയ്ക്കേണ്ടതില്ല. രണ്ടു വർഷത്തിനുശേഷം ആജീവനാന്ത സംരക്ഷണം ലഭിക്കും. അംഗത്വമായി ചേരുന്നതിന് യാതൊരുവിധ വൈദ്യപരിശോധനയും ആവശ്യമില്ല.

ഇതിൽ ചേർക്കുന്നതിന് ഏജന്റുമാരോ ഇടനിലക്കാരോ ഇല്ല. 04712522324, 2522288 എന്നി ആർ. സി. സി. യിലെ ഫോൺനമ്പറിൽ വിശദാംശങ്ങൾ അറിയാം.

# വൈ.എം.ഇ.എഫ്. കുമ്പനാട് ഏകദിന പ്രവർത്തനം നടത്തി

**കുമ്പനാട് :** വൈ.എം.ഇ.എഫ് പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. ജൂലൈ 19–ന് ചുഴന സഭയുടെ സഹകരണത്തിൽ നടന്ന ഏകദിന പ്രവർത്തനത്തിൽ നിരവധി സഹോദരന്മാർ പങ്കടുത്തു. ടീമുകളായി തിരിഞ്ഞ് ഭവന സന്ദർശനം നടത്തി. 6 സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും നടന്നു. ആഗസ്റ്റ് 23ന് മുക്കൂറിൽ ഏകദിന പ്രവർത്തനങ്ങൾ നടക്കും. പ്രാർത്ഥിച്ചാലും. കെ.എം. മാത്യു (സെക്രട്ടറി)

# 8 ... കാൽ നൂറ്റാണ്ട് പിന്നിട്ട് പോരാട്ട ഭൂമിയിൽ....

കേൾവിപോലും ഉണ്ടായിരുന്നില്ല. ട്യൂഷൻ എടുത്ത് ജനങ്ങളുടെ ഇടയിലേക്ക്. ഒരു ചെറിയ സ്കൂളിലൂടെ പ്രവർത്തനങ്ങൾക്ക് തുടക്കം. നാലു സ്ഥലം സഭകൾക്ക് ആരംഭവും വളർച്ചയും ആകാൻ സഹോദരന്മാർക്ക് ഒപ്പം. 2004 ഡിസംബർ 26ന്റെ പുലർച്ചെ സുനാമിത്തിരകൾ എല്ലാം കൊണ്ടുപോയപ്പോഴും ആത്മഭാരം മാത്രം ഹൃദയത്തിൽ സംരക്ഷിക്കപ്പെട്ടിരുന്നു.

വയലിൽ ആശ്വാസവും തക്കതുണയുമായി സഹോ. ഷൈനി. കഠിനപരിശോധനകളിലും ഭീഷണിയിലും ധൈര്യത്തിന്റെയും ഉത്തേജനത്തിന്റെയും ആൾ രൂപമായി ഒപ്പം നിന്നു. പ്ലസ്ടു വിദ്യാർത്ഥിയായ പോളും പത്താം തരം പഠിക്കുന്ന തോമസും ആണ് മക്കൾ.

വിവിധ സ്ഥലങ്ങളിൽ നടന്നുവരുന്ന ചിൽഡ്രൻസ് ക്ലബ്ബുകൾ, ബൈബിൾ ക്ലാസ്സുകൾ തുടങ്ങിയ ആത്മീയ പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നു. വളരെയേറെ ജീവിതങ്ങൾക്ക് രക്ഷകനെ കണ്ടെത്തുവാൻ പ്രവർത്തനങ്ങൾ മുഖാന്തരമായി. ജീവിതം കൊണ്ട് നേടിയ ഏറ്റവും വലിയ സംതൃപ്തിയും അതുതന്നെ.

ബാത്തുബസ്തിയിലെ സഭാ കൂടിവരവിൽ എൺപതോളം പേർ കൂടിവരുന്നു. പുതിയ ഒരു കൂടിവരവാണ് ഇത്. കഴിഞ്ഞകാല സുവിശേഷ പ്രവർത്തനങ്ങൾ വഴി മുന്നോട്ടുവന്ന 3 യുവാക്കളെ കർതൃവേലയിലേക്ക് ആനയിക്കുവാനും സർവ്വേശ്വരൻ സഹോദരനെ ഉപയോഗിച്ചു.

ഇത്രത്തോളം കൊണ്ടുവരുവാൻ അടിയൻ എന്തുണ്ട് എന്ന ആത്മഗതമാണ് സഹോദരന്റെ ഹൃദയാന്തർഭാഗത്തുനിന്ന് ഉയരുന്നത്. കഴിഞ്ഞ 25 വർഷങ്ങൾ പ്രാർത്ഥിച്ചവർ, സഹായിച്ചവർ, പിന്നിൽ നിന്നവർ, ധൈര്യം പകർന്നവർ എല്ലാവരോടുമുള്ള കൃതാർത്ഥത ഈ സുവിശേഷകുടുംബം വിനയപൂർവ്വം പങ്കുവയ്ക്കുന്നു.

മലയാളം, ഇംഗ്ലീഷ്, തമിഴ് ഭാഷകളിൽ നല്ല സ്വാധീനമുള്ള സഹോദരൻ മികച്ച പ്രഭാഷകനും ഉപദേഷ്ടാവുമാണ്. സഭയുടെ വളർച്ചയും പ്രവർത്തനങ്ങളുടെ പുരോഗതിയും കൂട്ടുവേലക്കാരുടെ നിലനില്പ്പും മക്കളുടെ പഠനവും, ശാരീരിക സൗഖ്യവും അദ്ദേഹത്തിന്റെ പ്രാർത്ഥനാ വിഷയങ്ങളാണ്. നമുക്കു പകരം ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ സുവിശേഷ രാജ്യത്തിനുവേണ്ടി പ്രതികൂലങ്ങളുടെ മധ്യേ പ്രവർത്തിക്കുന്ന ഈ കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കുക.

M.K. Sunny
Post Box 101, Porblair,
Andamans India,
913192250120,
09933274282

*ചത്തീസ്ഗഡിൽ ദംന്തേവാഡിയിൽ സഹോ. കുമാറിന്റെ പ്രവർത്തനങ്ങൾക്ക് എതിരുകൾ വർദ്ധിക്കുന്നു. സഭാകൂടിവരവ് ആരംഭിച്ചിട്ടുല്ല. പ്രാർത്ഥിച്ചാലും*

CHRISTHEEYA DARSANAM,
KALLOTH RIVER VIEW,
VADASHERIKKARA P.O., PATHANAMTHITTA DIST.
KERALA-689 662 email: **darsanam@outlook.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ഒറ്റ പ്രതി: ₹10
Reg. No. **KERBIL/2008/26466**
Licence No. **KLPTA/89/2014-2016**
**Published on 20th August 2014**
Posted on **22nd August 2014 at RMS Thiruvalla**

# കാൽ നൂറ്റാണ്ട് പിന്നിട്ട് പോരാട്ട ഭൂമിയിൽ



സുവി. എം.കെ. സണ്ണി, ഭാര്യ ഷൈനി, മക്കൾ പോൾ, തോമസ് എന്നിവർ

**പോർട്ട് ബ്ലെയർ (ആൻഡമാൻസ്):** കെട്ടി ഉയർത്തിയവയെല്ലാം സുനാമിയിലൂടെ കടൽ കൊണ്ടുപോയിട്ടും ജീവനു ഭീഷണിയായി വർഗ്ഗീയവാദികൾ രഹസ്യയോഗങ്ങൾ കൂടിയിട്ടും ഇളകാത്ത മനസ്സുമായി സുവിശേഷ സാക്ഷ്യം വഹിക്കുകയാണ് സുവി. എം.കെ. സണ്ണിയും സിസ്റ്റർ ഷൈനിയും.

1989ൽ വിശ്വാസം മാത്രം കൈമുതലായി, വെറും കയ്യോടെ ബംഗാൾ ഉൾക്കടലിന്റെ നടുവിൽ ഏകാന്തതയെ ആശ്ലേഷിച്ചു കിടന്ന ആൻഡമാൻസ് ദ്വീപിൽ സുവിശേഷവുമായി സഹോ. സണ്ണി എത്തിച്ചേർന്നു.

ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിച്ച വചനബോധവും ചെന്നൈ നഗരപ്രാന്തങ്ങളിലെ ഔട്ട് റീച്ചും വേലയോടുള്ള പ്രതിബന്ധതയും ആത്മഭാരവും കടൽ നീന്തിയാണെങ്കിലും ആൻഡമാൻസ് വയലിലെത്തുവാനുള്ള താത്പര്യം മനസ്സിൽ വളർത്തി.

ഒരൊറ്റ പരിചിതമുഖവും ആൻഡമാൻസിൽ ഈ പുതിയ മിഷനറിയെ കാത്തുനിന്നില്ല. പകച്ചു നിന്ന ദിവസങ്ങൾ. എങ്ങോട്ടു പോകണമെന്നോ എവിടെ പ്രവർത്തിക്കണമെന്നോ പോലും തിട്ടപ്പെടുത്താനാവാത്ത മനസ്സ്. പ്രാർത്ഥനയിലൂടെ ദൈവത്തിൽ മാത്രം ആശ്രയിച്ച ദിനങ്ങൾ. പട്ടിണിയുടെയും ഏകാന്തതയുടെയും ഭാരം പേറി നടന്ന നാളുകൾ. ഫണ്ടുകളെക്കുറിച്ച് കേട്ടു

7...➡

# എസ്.ബി.എസ്. സ്പെഷ്യൽ ക്യാമ്പ് സമാപിച്ചു

**പുത്തൻകാവ്:** വിദേശ രാജ്യങ്ങളിൽ നിന്നും അവധിക്ക് നാട്ടിലെത്തിയ മാതാപിതാക്കൾക്കും കുട്ടികൾക്കും വേണ്ടി സ്പെഷ്യൽ ക്യാമ്പ് 2014 ജൂലൈ 20 മുതൽ 23 വരെ പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ അനുഗ്രഹകരമായി നടന്നു. എസ്.ബി.എസ് പ്രസിഡന്റ് ഏബ്രഹാം തോമസ് (കൊച്ചി)യുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ബ്ര.ജേക്കബ് ജോൺസ് (യു.എസ്.എ) ക്യാമ്പ് ഉത്ഘാടനം ചെയ്തു. ബ്ര. റോയി മാത്യൂസ് (ദോഹ) സന്ദേശം നൽകി. ബ്ര. കെ.എ ഫിലിപ്പ് ആശംസാ സന്ദേശം നൽകി.

ഡോ. ജോൺ ഏബ്രഹാം, ബ്ര. ജോസ് മാത്യൂസ്, ഡോ. ജോൺസൺ സി ഫിലിപ്പ്, ബ്ര. ജോയി ജോൺ, ബ്ര. സണ്ണി റ്റി. ഫിലിപ്പ്, ബ്ര സാം മാത്യു, ബ്ര. ഏബ്രഹാം തോമസ് പുല്ലാട് തുടങ്ങിയവർ ക്ലാസ്സുകളെടുത്തു. ബ്ര. റെജി കെ തോമസ്, ബിജു വർഗീസ്, ഗോഡ്സൺ, ജിജോ, ഗോപിനാഥ്, ഐ. സുന്ദർ ദാസ്, സി.എം. ചാക്കോ, ബ്ലസൺ, മാമച്ചൻ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

സമാപന സമ്മേളനത്തിൽ ബ്ര. ഏബ്രഹാം തോമസ് (പുല്ലാട്) അദ്ധ്യക്ഷനായിരുന്നു. ബ്ര. സാം മാത്യു (മുംബൈ) സമാപന സന്ദേശവും ബ്ര.റോജി വർഗീസ് (ഡാളസ്) ആശംസാ സന്ദേശവും നൽകി. കുട്ടികളുടെ വിവിധ പരിപാടികളും നടത്തപ്പെട്ടു. മൽസരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങളും നൽകി.

2015-ൽ **'എസ്.ബി.എസ് ഇംഗ്ലീഷ് ക്യാമ്പ്'** എന്ന നിലയിൽ എല്ലാവർക്കും പങ്കെടുക്കുവാൻ കഴിയുന്ന നിലയിൽ വിപുലമായ ക്രമീകരണമാണ് എസ്.ബി.എസ് ആഗ്രഹിക്കുന്നത്. എസ്.ബി.എസിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

## വൈ.എം.ഇ.എഫ് കണ്ണൂർ ഭാരവാഹികൾ

**തളിപ്പറമ്പ്:** കണ്ണൂർ വൈ.എം.ഇ.എഫിന് പുതിയ ഭാരവാഹികൾ ചുമതയേറ്റു. ഉദയഗിരി വ്യാപാര ഭവനിൽ നടന്ന പൊതുയോഗത്തിൽ ജയ്മോൻ കെ. റാഫേൽ പ്രസിഡന്റും റിജോയ് കെ. ജോൺ സെക്രട്ടറിയും, ഷാജി വെള്ളോറ ജോയിന്റ് സെക്രട്ടറിയും കെ.യു. മനോജ് ട്രഷറിയുമായി തെരഞ്ഞെടുക്കപ്പെട്ടു.

സെക്രട്ടറിയുടെ വിലാസം : Rejoy K John, P.O. Box 136, Thaliparampa, Kannur - 670 141. Mob : 9662695956.

## എസ്.പി.എസ്.ഫണ്ട് ഏകദിന പ്രവർത്തനം

**പായിപ്പാട്:** എസ്.പി.എസ്.എഫ് ഫണ്ടു സഭകളിലെ സുവിശേഷകന്മാരും സഹോദരന്മാരും പായിപ്പാടിനു സമീപമുള്ള കൈതക്കോട്ട്, പാമല എന്നീ സ്ഥലങ്ങളിൽ ഭവന സന്ദർശനവും പരസ്യയോഗങ്ങളും നടത്തി. ജൂലൈ 9നു നടന്ന പ്രവർത്തനങ്ങളിലൂടെ 8 പേർ കർത്താവിനെ രക്ഷകനായി കണ്ടെത്തി. 27 സുവിശേഷകന്മാർ പ്രവർത്തനങ്ങളിൽ സഹകരിച്ചു. എം.കെ. കുഞ്ഞുമോൻ (സെക്രട്ടറി).

# സ്വാതന്ത്ര്യദിന ശാന്തിസന്ദേശയാത്ര



പുവന്മലയിൽ ബി.ജി.എഫ്. സ്വാതന്ത്ര്യദിനസന്ദേശം ബ്രദർ ജെയിംസ് തെങ്ങിൽ നൽകുന്നു. സഹോദരന്മാരായ വി.എം. ജോർജ്ജ്, പി.പി. ജേക്കബ്, കെ.ആർ. കുഞ്ഞുകുഞ്ഞ്, സാം ഫിലിപ്പ്, ബേബി ജോസഫ്, പി.ഡി. ജോയി, വി.എസ്. വർഗീസ്, പി.എം. തോമസ്, ജോമോൻ തോമസ്, കെ. കൃഷ്ണൻകുട്ടി തുടങ്ങിയവർ സമീപം

**റാന്നി:** ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പിന്റെ ചുമതലയിൽ 68-ാമത് സ്വാതന്ത്ര്യദിനത്തിൽ ശാന്തി സന്ദേശയാത്ര നടത്തി. ആഗസ്റ്റ് 15 രാവിലെ 9: 30 ന് പ്രസിഡന്റ് സി. റ്റി. ജോണിക്കുട്ടി ഉദ്ഘാടനം ചെയ്ത യാത്ര 10 സ്ഥലങ്ങളിൽ സന്ദേശം പങ്കുവച്ചു.

പൂവന്മല, പ്ലാങ്കമൺ, തീയാടിക്കൽ, കുമ്പളന്താനം, വൃന്ദാവനം, മുക്കുഴി, മോതിരവയൽ, കച്ചേരിത്തടം, അലിമുക്ക്, അടിച്ചിപ്പുഴ എന്നിവടങ്ങളിലായി നടന്ന മീറ്റിംഗുകളിൽ സുവിശേഷകന്മാർ പ്രസംഗിച്ചു. അടിച്ചിപ്പുഴയിൽ ബ്രദർ കെ. വി. മാത്യു സമാപനസന്ദേശം നല്കി.

ബ്രദർ ജയിംസ് തെങ്ങിൽ രചിച്ച മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ, ബ്രദർ കോശി പി. തോമസ് രചിച്ച മദ്യം ഒരു സാമൂഹ്യ വിപത്ത് എന്നീ ഗ്രന്ഥങ്ങൾ സൗജന്യമായി വിതരണം ചെയ്തു. ബ്രദർ ഷാജു ഗാനശുശ്രൂഷ നിർവഹിച്ചു. ജയിംസ് തെങ്ങിൽ, സാം ഫിലിപ്പ്, പി. എം. തോമസ് എന്നിവർ നേതൃത്വം നല്കി. നിരവധി സഹോദന്മാർ ശുശ്രൂഷയിൽ പങ്കെടുത്തു. വിതയ്ക്കപ്പെട്ട വിത്ത് ഫലം കായ്ക്കുവാനായി പ്രാർത്ഥിക്കാം.

# താൽമിഡ് ഹൗസ് ഉദ്ഘാടനം



*വചനവും അഭയവും:* കോയമ്പത്തൂരിൽ എത്തുന്ന വിദ്യാർത്ഥികൾക്കായി തുറന്ന താൽമിഡ് ഹൗസ് പ്രാർത്ഥിച്ച് ആരംഭിക്കുന്നു.

**കോയമ്പത്തൂർ:** ബയോസിസ് മിനിസ്ട്രീസിന്റെയും കോയമ്പത്തൂർ ഗാന്ധിപുരം ബ്രദറൺ സഭയുടെയും സംയുക്താഭിമുഖ്യത്തിൽ കോയമ്പത്തൂരിലും പരിസരങ്ങളിലും പഠനാർത്ഥം വരുന്ന യുവജനങ്ങൾക്കായി ശിഷ്യത്വപഠനകേന്ദ്രം ആഗസ്റ്റ് 10ന് ഉദ്ഘാടനം ചെയ്തു. ബ്രദർ. റെജി കെ. ജെ. അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ ബ്രദർ ബിജു കെ. ആലടി മുഖ്യസന്ദേശം നല്കി. സഹോദരന്മാരായ ജിബി ബേബി, സുനീഷ് ബാലൻ, ജെയ്സൻ കെ ജോർജ്ജ്, ഫെബിൻ ജോൺസ്, തോമസ് ജോർജ്ജ്, എം. സി. റോയി എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

നമ്മുടെ സ്ഥലംസഭകളിൽനിന്നും ഉന്നതവിദ്യാഭ്യസത്തിനു കോയമ്പത്തൂരിലും പരിസരങ്ങളിലും എത്തുന്ന യുവജനങ്ങളെ സുവിശേഷപ്രവർത്തനങ്ങൾക്ക് പ്രബുദ്ധരാക്കുക, യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായി സാക്ഷ്യജീവിതം നയിക്കുക എന്നീ ലക്ഷ്യത്തോടെയാണ് താൽമിഡ് ഹൗസിന്റെ പ്രവർത്തനം. ഇപ്പോൾ എട്ട് വിദ്യാർത്ഥികൾ താമസിച്ച് വചനം പഠിക്കുന്നു. ദൈവശാസ്ത്രം, സ്വാഭാവരൂപികരണം, സുവിശേഷീകരണം, നേതൃത്വപാടവം, എന്നീ വിഷയങ്ങളിൽ പരിശീലനം നല്കും.

ബ്രദർ ജിബി ബേബി ഇവിടെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. ബയോസിസിന്റെ പ്രവർത്തനങ്ങളെയും ഗാന്ധിപുരം ബ്രദറൺ സഭയുടെ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും.

# ഓൾ ഇൻഡ്യ എസ്.ബി.എസ് & എമ്മാവുസ് കൺസൾട്ടേറ്റീവ് സമ്മേളനം



സമ്മേളനത്തിൽ പങ്കെടുത്തവർ ശുശ്രൂഷകന്മാർക്ക് ഒപ്പം *(വാർത്ത 7-ാം പേജിൽ)*

PRINTED,PUBLISHED & OWNED BY RAJU K. THOMAS AND PRINTED AT COCHIN PRINTEC, ERNAKULAM KERALA . AND PUBLISHED FROM RAJU K. THOMAS, KALLOTH RIVER VIEW, VADASHERIKKARA P.O., PATHANAMTHITTA DIST. KERALA-689 662. EDITOR: VARGHESE THOMAS